29
2024
മേയ്
ബുധൻ
ഇടവം 15

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391








തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.194 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-194 പേജ് 4. വില 2.00 രൂപ



02 നിരവധി വീടുകളിൽ വെള്ളം കയറി

03 പുതിയ മദ്യനയം: സത്യം പുറത്തുവരാൻ സിബിഐ അന്വേഷണം വേണം

04 തുറമുഖത്തിന് സമീപം തിരയിൽപ്പെട്ട് വള്ളം മറിഞ്ഞു


# കടലിൽ കുടുങ്ങിയവരെ രക്ഷപ്പെടുത്തി



വിഴിഞ്ഞം: കടൽക്ഷോഭത്തിൽ പെട്ട് നിരവധി വള്ളങ്ങൾ കടലിൽ കുടുങ്ങി. മൂന്ന് വള്ളങ്ങളിലുണ്ടായിരുന്ന പത്തോളം പേരെ തീരദേശ പോലീസും മറൈൻ എൻഫോഴ്സ്മെന്റും രക്ഷപ്പെടുത്തി. ഒരു വള്ളത്തിലെ മൂന്ന് പേർ തമിഴ്നാട് കുളച്ചൽ തുറമുഖത്ത് കയറി രക്ഷപ്പെട്ടു.

രണ്ട് പേരെ കാണാതായതായതായും പരാതി ഉയർന്നു. രക്ഷാ പ്രവർത്തനത്തിനിറ ങ്ങിയ തീരദേശ പോലീസിന്റെ ബോട്ടിൽ വെള്ളം നിറഞ്ഞത് ആശങ്ക ഉയർത്തി. കടലിന്റെ അവസ്ഥ അറിയാതെ തിങ്കളാഴ്ച രാത്രിയിൽ മീൻ പിടിക്കാൻ വള്ളമിറക്കിയ വരാണ് കടൽക്ഷോഭത്തിൽപ്പെട്ടത്. കഴിഞ്ഞ ദിവസം വിഴിഞ്ഞത്തു നിന്ന് പുറപ്പെട്ട പുതിയതുറ സ്വദേശികളായ അഞ്ചംഗ സംഘത്തിലെ നിരാന്ത്, ആരോഗ്യം എന്നീ രണ്ട്പേരെയാണ് കാണാതായെന്ന് പരാതി ഉയർന്നത്. എട്ട് നോട്ടിക്കൽ

മൈൽ ഉൾക്കടലിൽ വച്ച് ഇവർ സഞ്ചരിച്ച വള്ളത്തിലെ എൻജിൻ കേടായി. നിരാന്തിനെയും ആരോഗ്യത്തെയും വള്ളത്തിന്റെ ചുമതല ഏൽപ്പിച്ചശേഷം സഹപ്രവർത്തകരായ മറ്റ് മൂന്ന് പേർ മറ്റൊരു മീൻപിടിത്തവള്ളത്തിൽ വിഴിഞ്ഞത്ത് എത്തി. കരയിൽ വന്ന സംഘം എൻജിനും ഇന്ധനവുമായി തിരികെ ഉൾക്കടലിൽ എത്തിയെങ്കിലും മറ്റ് രണ്ട് പേരെയും വള്ളത്തെയും കണ്ടെത്താനായില്ല. കാണാതായവരുടെ കൈയ്യിൽ

മൊബൈൽ ഫോണോ മറ്റ് സംവിധാനങ്ങളോ ഇല്ലാത്തത് തിരച്ചിലിനെ ബാധിച്ചു. കൂടെയുണ്ടായിരുന്നവരും മറ്റ് വള്ളക്കാരും ഏകദേശം15 നോട്ടിക്കൽ ഉൾക്കടൽ വരെ തിരഞ്ഞെങ്കിലും കണ്ടെത്താനായില്ലെന്ന് പൂവാർ തീരദേശ പോലീസ് അറിയിച്ചു. ഇന്ധനം തീർന്ന് ഉൾക്കടലിൻ നിയന്ത്രണമില്ലാതെ ഒഴുകി നടന്ന പൂന്തുറ സ്വദേശി ബഞ്ചമിന്റെ സെന്റ് തോമസ് എന്ന വള്ളത്തിലെ നാല് പേരെ വിഴിഞ്ഞം

മറൈൻ എൻ ഫോഴ്സ്മെന്റ് രക്ഷപ്പെടുത്തി. പൂന്തുറ സ്വദേശികളായ കമലിയാൻ, ഡമിയൻ, ഡയനോഷ്യസ്, ബഞ്ചമിൻ എന്നിവരെയാണ് രക്ഷപ്പെടുത്തിയത്. മറൈൻ സി. പി. ഒ. വിനിൽ, ലൈഫ് ഗാർഡുമാരായ ആന്റണി ദേവദാസൻ, സുരേഷ് റോബർട്ട്, ജോണി എന്നിവർ രക്ഷാ പ്രവർത്തനത്തിന് നേതൃത്വം നൽകി. എൻജിൻ തകരാറായി കടലിൽ അകപ്പെട്ട പൊഴിയൂർ സ്വദേശികളായ നാല് പേരെ തീരദേശ പോലീസ് രക്ഷപ്പെടുത്തി. വിഴിഞ്ഞം സ്വദേശിയുടെ സിന്ധു യാത്രാമാതാ എന്ന വള്ളത്തിൽ വിഴിഞ്ഞത്തു നിന്ന് മീൻ പിടിക്കാൻ പോയ പൊഴിയൂർ സ്വദേശികളായ കുലാസ് (43), ആൻഡ്രൂസ് (53), സ്റ്റെല്ലസ് (48), ആഞ്ചലൂസ് (55) എന്നിവരെയാണ് തീരദേശ എസ്. ഐ. സൈമൺ, സി. പി. ഒ പ്രിന്റോ ഫ്രാൻസീസ്, വാർഡൻമാരായ സിൽവസ്റ്റർ, സിയാദ്, സൂസാമൈക്കിൾ, സ്രാങ്ക് ജഗൻ നെൽസൺ ലാസ്കർ ശ്യാംകുമാർ എന്നിവരടങ്ങിയ സംഘം രക്ഷപ്പെടുത്തിയത്. കടലിൽ കുടുങ്ങിയ നിരവധി വള്ളങ്ങൾ മണിക്കൂറുകളുടെ പരിശ്രമഫലമായി വിഴിഞ്ഞത്തടുപ്പിച്ചതായും അധികൃതർ അറിയിച്ചു. മുതലപ്പൊഴിയിൽ കയറാൻ കഴിയാത്ത നാലോളം വള്ളങ്ങളും വിഴിഞ്ഞത്താണ് കരയ്ക്കടുപ്പിച്ചത്.

ഇതിനിടയിലാണ് രക്ഷാപ്രവർത്തന ത്തിനിറങ്ങിയ തീര ദേശപോലീസിന്റെ പഴഞ്ചൻ ബോട്ട് അപകടാവസ്ഥയിലായത് ആശങ്ക ഉയർത്തിയത്. ശക്തമായ കടൽക്ഷോഭത്തിൽപ്പെട്ട് ആടിയുലഞ്ഞ ഇന്റർസെപ്റ്റർ ബോട്ടിലുണ്ടായ ചോർച്ചയിൽ ഉള്ളിൽ കടൽവെള്ളം നിറഞ്ഞു. രണ്ട് പേർ ചേർന്ന് വെള്ളം വറ്റിക്കാൻ ശ്രമം തുടരുന്നതിന്നിടയിൽ ഭാരം കൂട്ടിയ ബോട്ടിന്റെ മുൻവശം ചരിഞ്ഞു. ഇത് കടൽത്തിരയെ ഭേദിച്ച് മുന്നോട്ട് പോകാനുള്ള ബോട്ടിന്റെ ശക്തിയെ ബാധിച്ചു.

വൈപ്പറും, ഹോണും കേടായതും ബോട്ടിന്റെ മുന്നോട്ടുള്ള പ്രയാണത്തെ കാര്യമായി ബാധിച്ചു. അപകടാവസ്ഥയിലായ രക്ഷാ ബോട്ടിൽ എസ്. ഐ ഉൾപ്പെടെ ഏഴംഗ സംഘമാണ് ഉണ്ടായിരുന്നത്. കാര്യങ്ങൾ കൈവിട്ട് പോകുന്ന അവസ്ഥയിലായതോടെ സംഘം വയർലെസിലൂടെ ഉന്നതരെ വിവരം അറിയിച്ചു.

അവസാനം വൈകുന്നേരം അഞ്ചരയോടെ ഏറെ സാഹസപ്പെട്ട് സംഘം തീര മണഞ്ഞതോടെയാണ് ആശങ്ക ഒഴിഞ്ഞത്.

## ദുരിതപ്പെയ്ത്തിൽ മുങ്ങി തിരുവനന്തപുരവും കൊച്ചിയും

തിരുവനന്തപുരം മുതലപ്പൊഴിയിൽ വള്ളം പുലിമുട്ടിലിടിച്ചുണ്ടായ അപകടത്തിൽ മത്സ്യത്തൊഴിലാളി മരിച്ചു. അഞ്ചുതെങ് സ്വദേശി എബ്രഹാമാണ് മരിച്ചത്. നാല് പേർ പോയ വള്ളം പുലിമൂട്ടിലിടിച്ച് മറിയുകയായിരുന്നു. ഒപ്പമുണ്ടായിരുന്ന മൂന്ന് പേർ രക്ഷപ്പെട്ടു.

കാഞ്ഞങ്ങാട്ട് കൂട്ടുകാർക്കൊപ്പം അരയിപുഴയിൽ കുളിക്കാനിറങ്ങിയ വിദ്യാർഥി മുങ്ങിമരിച്ചു. അരയി വട്ടത്തോട് മുഹമ്മദ് സിനാൻ ആണ് മരിച്ചത്. ചൊവ്വാഴ്ച രാവിലെ 11.30നായിരുന്നു സംഭവം. പത്താം ക്ലാസ് വിദ്യാർഥിയാണ് സിനാൻ. ഒപ്പമുണ്ടായിരുന്ന കുട്ടികളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

തിരുവനന്തപുരം നഗരത്തിൽ കിള്ളിയാർ കരകവിഞ്ഞ് നിരവധി വീടുകളിലും സ്ഥാപനങ്ങളിലും വെള്ളംകയറി. മണിക്കൂറോളം മഴ തകർത്തുപെയ്തതോടെ ജില്ലയിൽ വ്യാപക നാശനഷ്ടമുണ്ടായി. വർക്കല പാപനാശത്തിന് പിന്നിലെ ബലിമണ്ഡപത്തിന്റെ ഭാഗത്തെ കുന്നിടിഞ്ഞതോടെ ബലിതർപ്പണ ചടങ്ങുകൾ നടത്തിയില്ല. ശക്തമായ മഴയെ തുടർന്ന് തിരുവനന്തപുരം പൊന്മുടി ഇക്കോ ടൂറിസത്തിലേക്കുള്ള യാത്ര നിരോധിച്ചു.

കൊച്ചിയിലും സ്ഥിതി രൂക്ഷമായിരുന്നു. മഴ കനത്തതോടെ അരൂർ ഇടപ്പള്ളി ദേശീയപാതയിൽ വാഹനങ്ങൾ മണിക്കൂറുകളോളം കുടുങ്ങി. വൈറ്റില മുതൽ കളമശ്ശേരി വരെ ഗതാഗതക്കുരുക്ക് രൂക്ഷമായി. ഫോർട്ട് കൊച്ചിയിൽ ബസ്സിന് മുകളിൽ മരം വീണെങ്കിലും വലിയ അപകടമുണ്ടായില്ല. സർവീസ് റോഡുകളും നിരവധി വീടുകളും വെള്ളത്തിലായി. ഇടപ്പള്ളി ടോൾ ജങ്ഷനിൽ വെള്ളക്കെട്ട് രൂപപ്പെട്ടതോടെ നിരവധി വാഹനങ്ങളുടെ എഞ്ചിനുകളിൽ വെള്ളം കയറി. അങ്കമാലി കെ.എസ്.ആർ.ടി.സി സ്റ്റാൻഡിലും വെള്ളം കയറി. ഇൻഫോപാർക്ക് കാംപസ് മഴയിൽ മുങ്ങി. സമീപപ്രദേശങ്ങളെല്ലാം വെള്ളത്താൽ ചുറ്റപ്പെട്ടു.

കോട്ടയം ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ ഉരുൾപൊട്ടലും മണ്ണിടിച്ചിലും റിപ്പോർട്ട് ചെയ്തു. തലനാട്, മേലുകാവ്, പൂഞ്ഞാർ പഞ്ചായത്തുകളിൽ ഉരുൾപൊട്ടി. തീക്കോയി കല്ലം, മൂന്നിലവ് കുറിഞ്ഞിപ്ലാവ് പ്രദേശങ്ങളിൽ മണ്ണിടിഞ്ഞും അപകടമുണ്ടായി.

അടുത്ത മൂന്ന് നാല് ദിവസത്തിനുള്ളിൽ കേരളത്തിൽ കാലവർഷം എത്തിച്ചേരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് വ്യക്തമാക്കി. തെക്കൻ തമിഴ്നാടിനു മുകളിൽ ചക്രവാതച്ചുഴി നിലനിൽക്കുന്നു. ഇതിന്റെ ഫലമായി കേരളത്തിൽ അടുത്ത ഏഴ് ദിവസം വ്യാപകമായി ഇടിമിന്നലോടുകൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്നും അധികൃതർ വ്യക്തമാക്കി.





# പ്രതിഭയുടെ ഉയരങ്ങളിൽ ജ്യോതി

കൊല്ലം:ശക്തികുളങ്ങര തീരത്തുനിന്നും നിന്നും ഉന്നതവിദ്യാഭ്യാസമേഖലയിൽ ജീനിയസ്സ് സ്പർശമുള്ള പ്രതിഭ. ജ്യോതി ജസ്റ്റിൻ. ഡിജിറ്റൽ ഹ്യുമാനിറ്റീസിലാണ് ജ്യോതി ജസ്റ്റിൻ തന്റെ പ്രാഗൽഭ്യം തെളിയിച്ചിരിക്കുന്നത്.സാങ്കേതിക വിദ്യകളെയും മാനവികത വിഭാഗങ്ങളെയും സമന്വയിപ്പിക്കുന്ന വൈജ്ഞാനിക പ്രവർത്തനത്തിന്റെ ഒരു മേഖലയാണ് ' ഡിജിറ്റൽ ഹ്യുമാനിറ്റീസ് '.

മാനവീകതയിലെ ഡിജിറ്റൽ വിഭവങ്ങളുടെ ചിട്ടയായ ഉപയോഗവും അവയുടെ ആപ്ളിക്കേഷന്റെ വിശകലനവുമാണ് ഇതിൽ പഠന വിഷയം.

കൊല്ലം ഫാത്തിമ മാതാ കോളേജിൽ നിന്നും ഇംഗ്ലീഷ് ലിറ്ററേച്ചറിൽ ബിരുദവും പോണ്ടിച്ചേരി യൂണിവേഴ്സിറ്റിയിൽ നിന്നും മാസ്റ്റർ ബിരുദവും പൂർത്തിയാക്കിയ ശേഷം ഐ.ഐ.ടി ഇൻഡോറിൽ ഡിജിറ്റൽ ഹ്യുമാനിറ്റീസിൽ റിസേർച്ച് ചെയ്യുന്ന ജ്യോതി ജസ്റ്റ്യൻ കൊല്ലം ശക്തികുളങ്ങരയിൽ പരേതനായ ജസ്റ്റ്യന്റെയും ( ഡെപ്യൂട്ടി രജിസ്റ്റാർ , കോഓപ്പറേറ്റിവ് ഡിപ്പാർട്ട്മെന്റ്) ഹേമറാണിയുടെയും മകളാണ് .ജ്യോതിയുടെ പിതാവ് കോളേജ് പഠനകാലത്ത് വായനയുടെയും രചനയുടെയും ലോകത്ത് നിശബ്ദ പ്രതിഭയായിരുന്നു.കോളേജ് തലത്തിൽ നിരവധി രചന മൽസരങ്ങളിൽ സമ്മാനങ്ങൾ നേടിയിട്ടുണ്ട്.

കേരളയൂണിവേഴ്സിറ്റി തലത്തൽ കൊല്ലം ഫാത്തിമ മാത നാഷണൽ കോളേജിനെ പ്രതിനിധീകരിച്ച് പ്രബന്ധരചനക്ക് ഒന്നാം സ്ഥാനം നേടിയിട്ടുണ്ട് ജസ്റ്റിൻ."ഡിജിറ്റൽ കാർട്ടോഗ്രാഫി ആന്റ് ഫെമിനിസ്റ്റ് ജിയോ ക്രിട്ടിസിസം" എന്ന വിഷയത്തിൽ ഐ.ഐ.ടി ഇൻഡോറിലെ 2024 ലെ ബെസ്റ്റ് റിസേർച്ച് പേപ്പർ അവാർഡ് നേടിയ ജ്യോതിയ്ക്ക് സ്പയിനിലെ ഫെലോഷിപ്പ് ലഭിക്കുകയുണ്ടായി ....

വൈജ്ഞാനിക മേഖലയിലെ പുതിയ പാതയിലൂടെ സഞ്ചരിക്കുന്ന ജ്യോതി ജസ്റ്റിൻ ശക്തികുളങ്ങരയിലെ പുതുതലമുറക്ക് പ്രചോദനമാണ്.

**വട്ടത്തറ ബാൾഡ്വിൻ**




# അപരനെ അന്യനായി കാണുമ്പോൾ സംഘർഷങ്ങൾ ഉണ്ടാകുന്നു: ഡോ.തോമസ് മാർ തീത്തോസ്

കൊട്ടാരക്കര: അപരനെ അന്യനായി കാണുമ്പോഴാണ് സംഘർഷങ്ങൾ ഉണ്ടാകുന്നതെന്നും സമസൃഷ്ടങ്ങളെ സഹോദരരായി കാണുന്ന ജീവിത മൂല്യം വളർത്തിയെടുക്കണമെന്നും മാർത്തോമ്മാ സഭ കൊട്ടാരക്കര പുനലൂർ ഭദ്രാസനാധിപൻ ഡോ. തോമസ് മാർ തീത്തോസ് പറഞ്ഞു. ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്ത ഡയലോഗ് സെൻററിൻറെ ആഭിമുഖ്യത്തിൽ മാർത്തോമ്മാ ജൂബിലി മന്ദിരത്തിൽ നടന്ന 28-ാമത് വാർഷിക പ്രഭാഷണം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഡോ. എപിജെ അബ്ദുൾ കലാം യൂണിവേഴ്സിറ്റി പ്രഥമ വൈസ്ചാൻസലർ ഡോ. കുഞ്ചെറിയ പി. ഐസക്ക് മുഖ്യ പ്രഭാഷണം നടത്തി. ദൈവീക ദർശനത്തിൽ അടിസ്ഥാനമായ ജീവിത വിജയം നേടുവാൻ മൂല്യാധിഷ്ഠിത ശീലങ്ങൾ ദൈനംദിന ജീവിതത്തിൻറെ ഭാഗമാക്കണമെന്ന് അദ്ദേഹം പറഞ്ഞു. ഡയലോഗ് സെൻറർ വൈസ് പ്രസിഡൻറ് ഡോ. ഏബ്രഹാം കരിക്കം, ഭദ്രാസന സെക്രട്ടറി റവ. ഷിബു ഏബ്രഹാം, ജൂബിലി മന്ദിരം സൂപ്രണ്ട് റവ. ഷിബു ശാമുവേൽ, ഡയലോഗ് സെൻറർ സെക്രട്ടറി ജോർജ് പണിക്കർ, റവ. എൽ. വർഗീസ്, ഡോ. ജേക്കബ് തോമസ്, കെ. ജോർജ്കുട്ടി എന്നിവർ പ്രസംഗിച്ചു.

# 'ഓണമ്പലം മുതൽ ചിറ്റുമല വരെ റോഡരികിൽ മുറിച്ചിട്ടിരിക്കുന്ന തടിനീക്കം ചെയ്യണം'

കുണ്ടറ: കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിലെ ഓണമ്പലം മുതൽ ചിറ്റുമല ജംഗ്ഷൻ വരെ കൊല്ലം തേനി ദേശീയ പാതയുടെ അരികിൽ മുറിച്ചിട്ടിരിക്കുന്ന വൻ തടികൾ അടിയന്തിരമായി നീക്കം ചെയ്യണമെന്ന് പഞ്ചായത്ത് പ്രസിഡൻറ് കെ.ജി.ലാലിയും വൈസ് പ്രസിഡൻറ് രാജു ലോറൻസും ആവശ്യപ്പെട്ടു.

യാത്രക്കാർക്കും ഗതാഗതത്തിനും തടസമുണ്ടാക്കുന്ന രീതിയിലാണ് മരങ്ങൾ മുറിച്ചിട്ടിരിക്കുന്നത്. ജീർണിച്ച് അപകടാവസ്ഥയിൽ ആയ പൈൻ, ആൽമരം, മാവ് തുടങ്ങിയ വലിയ ഒൻപത് മരങ്ങൾ മുറിച്ച് ആറ് മാസമായി ഹൈവേയുടെ ഇരു ഭാഗങ്ങളിലും ഇട്ടിരിക്കുകയാണ്.

കഴിഞ്ഞ ദിവസം ഒരു ബൈക്ക് യാത്രക്കാരന് കൂട്ടി ഇട്ടിരിക്കുന്ന മരക്ഷണങ്ങളിൽ തട്ടി അപകടം ഉണ്ടായി. അത്ഭുതകരമായാണ് ബൈക്ക് യാത്രികൻ രക്ഷപ്പെട്ടത്. പല ദിവസങ്ങളിലും ഇത്തരത്തിലുള്ള അപകടങ്ങൾ പതിവായിരിക്കുകയാണ്.

ഓണമ്പലം മുതൽ ചിറ്റുമല വരെ ഏഴ് സ്ഥലങ്ങളിലാണ് മരങ്ങൾ മുറിച്ച് റോഡ് അരികിൽ വലിയ ഉയരത്തിൽ അടുക്കിയിരിക്കുന്നത്. വേഗത്തിൽ എത്തുന്ന വാഹനങ്ങളിൽ നിന്ന് ഒഴിഞ്ഞ് രക്ഷപ്പെടാൻ മാർഗമില്ലാത്ത തരത്തിലാണ് മരങ്ങൾ ഇവിടെ അടുക്കിയിരിക്കുന്നത്.

മഴക്കാലം ആരംഭിച്ചതോടുകൂടി മുറിച്ചിട്ടമരക്കൂമ്പാരങ്ങൾക്ക് ചുറ്റും കാട് കയറി ഇഴ ജന്തുക്കളുടെ ശല്യവും വർധിച്ചിട്ടുണ്ട്. മഴ വെള്ളത്തിൻറെ ഒഴുക്ക് തടസപ്പെടുന്നതു മൂലം ഈ പ്രദേശം ചെളിക്കുണ്ടായി മാറുകയും ചെയ്തിരിക്കുന്നു. കിഴക്കേ കല്ലട ഗ്രാമപഞ്ചായത്ത് കമ്മിറ്റി മുറിച്ചിട്ടിരിക്കുന്ന മരങ്ങൾ അടിയന്തിരമായിനീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ടു ഹൈവേ അഥോറിറ്റിക്ക് കത്ത് നൽകുകയും ചെയ്തു. തുടർന്ന് പഞ്ചായത്ത് പ്രസിഡൻറ് കെ. ജി. ലാലിയും വൈസ് പ്രസിഡൻറ് രാജു ലോറൻസും ദേശീയപാത വിഭാഗം കൊല്ലം ഓഫീസിൽ എത്തി മുറിച്ചിട്ടിരിക്കുന്ന മരങ്ങൾ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടും നടപടി ആയിട്ടില്ല. റോഡരികിൽ കൂട്ടിയിട്ടിരിക്കുന്ന മരങ്ങൾ നീക്കം ചെയ്യാൻ കോൺട്രാക്ടറെ ഏൽപിച്ചിട്ടുണ്ടെന്നാണ് ചുമതല പെട്ടവർ പറയുന്നത്.

അപകടം ഉണ്ടാകുന്ന തരത്തിൽ കൂട്ടിയിട്ടിരിക്കുന്ന തടികൾ ഇനിയും എടുത്തു മാറ്റിയില്ലെങ്കിൽ ദേശീയ പാത വിഭാഗം കൊല്ലം ഡിവിഷൻ ഓഫീസ് ഉപരോധിക്കാനാണ് പഞ്ചായത്തിൻറെ തീരുമാനം.

# നിരവധി വീടുകളിൽ വെള്ളം കയറി

കൊട്ടിയം: തൃക്കോവിൽവട്ടം പഞ്ചായത്തിൽ പെട്ട മൈലാപ്പൂർ വാർഡിലെ പുതുച്ചിറയിൽ നിരവധി വീടുകളിൽ വെള്ളം കയറി. വെള്ളം കയറിയ വീടുകളിൽ നിന്നും പലരും ഒഴിഞ്ഞു പോവുകയും ചിലർ വീടുകളിൽ കുടുങ്ങുകയും ചെയ്തു. പെരുംകുളം ഏലായുടെ കരയിലുള്ള വീടുകളിലാണ് വെള്ളം കയറിയത്. പല വീടുകളിലും വീട്ടുപകരണങ്ങൾ നശിക്കുകയും വാഹനങ്ങൾ പുറത്തേക്കിറക്കാൻ പറ്റാത്തഅവസ്ഥയിലുമാണ്. ഒട്ടുമിക്ക ഇടങ്ങളിലും വീടുകളിലേക്കുള്ള വഴി മുഴുവൻ വെള്ളം നിറഞ്ഞു കിടക്കുകയാണ്.

നൂറോളം വീടുകളിലാണ് ഇവിടെ വെള്ളം കയറിയിട്ടുള്ളത്. പലരും ബന്ധുവീടുകളിലാണ് അഭയം തേടിയത്. പുതുച്ചിറ പെരുങ്കുളം ശിവക്ഷേത്രത്തിന് അടുത്ത് രാജ്സദനത്തിൽരാജുവിൻറെ വീട്ടിൽ മുഴുവനായും വെള്ളം കയറി. വീട്ടു സാധനങ്ങൾഎല്ലാം വെള്ളത്തിൽമുങ്ങിക്കിടക്കുകയാണ്. ആറിൻറെ പുനർനിർമാണവും ബൈപ്പാസ് റോഡിലെ പാലങ്ങളുടെ നിർമാണവും ആണ് ഇവിടെ വെള്ളം കയറാൻ കാരണമാക്കിയത്.

ചൂരങ്ങൾ ആറ് വൃത്തിയാക്കുന്നതിനായി ഹിറ്റാച്ചിയും ജങ്കാറും കൊണ്ടുപോകുന്നതിന് വേണ്ടി വരങ്ങളിൽ വലിയ രീതിയിൽ വഴി ഉണ്ടാക്കി ആറ്റുതീരം വെട്ടി പൊളിച്ചത് ഇവിടെ വെള്ളം കയറാൻ ഇടയാക്കിയതിൻറെ ഒരു കാരണം ആണ്. പല വീടുകളിലും വെള്ളത്തോടൊപ്പം ഇഴജന്തുക്കളും കുളയട്ടയും കയറിയിട്ടുണ്ട്. രക്തം കുടിക്കുന്ന രീതിയിലുള്ള കുളയട്ട വീട്ടുകാർക്ക് ഭീഷണിയായിട്ടുണ്ട്. അട്ടകൾ കാലിൽ കടിച്ചാൽ എടുത്തു മാറ്റാനും കഴിയില്ല. ഗ്രാമപഞ്ചായത്ത് അംഗം ഷാജഹാൻറെ നേതൃത്വത്തിൽ ദുരിതാശ്വാസ ക്യാമ്പ് ആരംഭിക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. ഇത്രയധികം വീടുകളിൽ വെള്ളം കയറിയിട്ടും റവന്യൂ അധികൃതർ ഇവിടേക്ക് തിരിഞ്ഞുനോക്കിയില്ലെന്ന് ആക്ഷേപവും ഉയരുന്നുണ്ട്. ബൈപാസിൽ പാലം നിർമിക്കുന്ന സ്ഥലങ്ങളിൽ സുഗമമായി വെള്ളം ഒഴുകി പോകാൻ ഉള്ള സംവിധാനം ഉണ്ടാക്കുവാൻ അധികൃതരുടെ ഭാഗത്തുനിന്നും അടിയന്തര നടപടി ഉണ്ടാകണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

# പോലീസിലെ ക്രിമിനൽവത്കരണം നാടിന് ആപത്ത്: എൻ. കെ. പ്രേമചന്ദ്രൻ

കൊല്ലം: ക്രമസമാധാന പരിപാലനത്തിൽ നിഷ്പക്ഷത പാലിക്കേണ്ട പോലീസ് ഭരണ നേതൃത്വ താൽപര്യത്തിന് വിധേയമായി രാഷ്ട്രീയവത്കരിക്കുകയും ഗുണ്ടകളെ പോലെ പൊതുജനത്തെ ഭീകരമായി മർദിക്കുകയും ചെയ്യുന്നത് നിയന്ത്രിക്കുവാൻ ഭരണകർത്താക്കൾക്ക് കഴിഞ്ഞില്ലെങ്കിൽ സംസ്ഥാനത്ത് ഭീകരാന്തരീക്ഷം ഉടലെടുക്കുമെന്ന് എൻ. കെ. പ്രേമചന്ദ്രൻ എം പി പറഞ്ഞു.

കൊല്ലത്ത് ഐഎൻടിയു സി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഈസ്റ്റ് പോലീസ് സ്റ്റേഷനിലേക്ക് നടത്തിയ പ്രതിഷേധ മാർച്ച് ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഐ എൻടി യുസി നേതാവിൻറെ മകൻ റെജിനാസ് നാസറിനെ അകാരണമായി മൃഗീയമായി മർദിച്ച പോലീസുകാർക്ക് എതിരെ ശിക്ഷണ നടപടികൾ അടിയന്തിരമായി സ്വീകരിച്ചില്ലെങ്കിൽ പോലീസ് മർദനത്തിന് എതിരെയുള്ള സമരം യുഡി എഫ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തുമെന്ന് അദ്ദേഹം അറിയിച്ചു.

പ്രതിഷേധ മാർച്ചിലും ധർണയിലും ഐ എൻ ടി യുസി ജില്ലാ പ്രസിഡൻറ് എ. കെ. ഹഫീസ് അധ്യക്ഷതവഹിച്ചു. ബിന്ദുകൃഷ്ണ, സൂരജ് രവി, എച്ച്. അബ്ദുൽ റഹുമാൻ, കൃഷ്ണ വേണിശർമ്മ, കോതേത്ത് ഭാസുരൻ, എസ്. നാസറുദ്ദീൻ, അൻസർ അസീസ്, കുന്നത്തൂർ ഗോവിന്ദപിള്ള, ചിറ്റുമൂല നാസർ, ചവറ ഹരീഷ്, കെ. ജി. തുളസീധരൻ, ആർ. രമണൻ, കെ. എം. റഷീദ്, എം. നൗഷാദ്, ഡി. ഗീതാകൃഷ്ണൻ, പ്രാക്കുളം സുരേഷ് തുടങ്ങിയവർ പ്രസംഗിച്ചു.

റീജിയണൽ പ്രസിഡൻറുമാരായ പനയം സജീവ് കൊല്ലം, ബി. ശങ്കരനാരായണപിള്ള ഇരവിപുരം, മുടിയിൽ മുഹമ്മദ് കുഞ്ഞ് കരുനാഗപ്പള്ളി, തടത്തിൽ സലീം കുന്നത്തൂർ, ബാബുകുട്ടൻപിള്ള കുണ്ടറ, പരവൂർ ഹാഷിം ചാത്തന്നൂർ), വി. ഫിലിപ്പ് കൊട്ടാരക്കര തുടങ്ങിയവർ പ്രതിഷേധ മാർച്ചിന് നേതൃത്വം നൽകി. റെസ്റ്റ്ഹൗസ് പരിസരത്ത് നിന്ന് ആരംഭിച്ച മാർച്ചിൽ ഐ എൻടിയുസി യൂണിഫോമിലുള്ള നൂറുകണക്കിന് തൊഴിലാളികളും പാർട്ടി പ്രവർത്തകരും പങ്കെടുത്തു.

## കോട്ടയം നഗരത്തിൽ കടകളിൽ മോഷണം

കോട്ടയം: നഗരമധ്യത്തിൽ ചന്തക്കവലയിലെ നിരവധി കടകളിൽ മോഷണം. മാർക്കറ്റ് ജംഗ്ഷനിലെ കെ കെ റോഡിനു സമീപമുള്ള ആറു കടകളിലാണ് തിങ്കളാഴ്ച പുലർച്ചെ മോഷണം നടന്നത്.

മങ്കിക്യാപ്പ് ധരിച്ചെത്തിയ ആളാണ് മോഷണം നടത്തിയതെന്ന് കടകളിലെ നിരീക്ഷണ കാമറകളിൽനിന്ന് വ്യക്തമായിട്ടുണ്ട്. ഫാക്ടറി സെയിൽ, ഫാഷൻ പാർക്ക്, ഷെയ്ക്ക് മാജിക്, കൃഷ്ണ മെഡിക്കൽസ്, പെറ്റൽസ്, ഇഎം എംബ്രോയ്ഡറി വർക്ക്സ് എന്നീ കടകളിലാണ് മോഷണം നടന്നത്.

കടകളുടെ താഴ് തകർത്താണ് കവർച്ച. ഓരോ കടകളിൽനിന്നും 3,000 മുതൽ 8,000 രൂപ വരെയുള്ള പണമാണ് നഷ്ടപ്പെട്ടിരിക്കുന്നത്. കടകളിലെ സാധനങ്ങളെല്ലാം വലിച്ചു വാരിയിട്ട നിലയിലുമാണ്. വിരലടയാള വിദഗ്ധരും ഡോഗ് സ്ക്വാഡും സ്ഥലത്തെത്തി പരിശോധന നടത്തി. കോട്ടയം വെസ്റ്റ് പോലീസും സ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചു.

## ഇടമറുകിൽ ഉരുൾപൊട്ടൽ; ഏഴ് വീടുകൾ തകർന്നു

കോട്ടയം: ജില്ലയിൽ കനത്ത മഴയെ തുടർന്നുള്ള നാശനഷ്ടം തുടരുന്നു. ഭരണങ്ങാനം വില്ലേജിൽ ഇടമറുക് ചൊക്കല്ല് ഭാഗത്ത് ഉരുൾപൊട്ടലുണ്ടായി. ഇവിടെ ഏഴ് വീടുകൾ ഉരുൾപൊട്ടലിൽ തകർന്നു. ആളപായമില്ല. മേഖലയിൽ വ്യാപക നാശനഷ്ടമുണ്ടായെന്നാണ് റിപ്പോർട്ട്.

അതേസമയം, ശക്തമായ മഴയെത്തുടർന്ന് ഈരാറ്റുപേട്ട വാഗമൺ റോഡിൽ മണ്ണിടിഞ്ഞു. തീക്കോയി പഞ്ചായത്തിലെ കല്ലം ഭാഗത്താണ് മണ്ണിടിഞ്ഞത്. മുകളിലെ പുരയിടത്തിൽ നിന്നും കല്ലും മണ്ണും റോഡിലേക്ക് പതിക്കുകയായിരുന്നു. തുടർന്ന് ഇതുവഴിയുള്ള ഗതാഗതം തടസപ്പെട്ടു.

ഗതാതഗാതം പുനഃസ്ഥാപിക്കാനുള്ള ശ്രമം അധികൃതർ ആരംഭിച്ചു. പുലർച്ചെ മുതൽ ജില്ലയുടെ കിഴക്കൻ മേഖലയിൽ മഴ ശക്തമാണ്. മീനച്ചിലാറ്റിൽ വെള്ളം ഉയർന്നതിനെ തുടർന്ന് പാലാ പനയ്ക്കൽ പാലത്ത് റോഡിൽ വെള്ളം കയറി.

കനത്ത മഴ തുടർന്നാൽ ജില്ലയുടെ വിവിധയിടങ്ങളിൽ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ഉണ്ടായേക്കമെന്ന ആശങ്ക നിലനിൽക്കുന്നു. നിലവിൽ കോട്ടയം ജില്ലയിൽ റെഡ് അലർട്ടാണുള്ളത്.

## വീട് ഇടിഞ്ഞു വീണു

ചാത്തന്നൂർ: ശക്തമായ മഴയിൽ വീട് ഇടിഞ്ഞുവീണു. ചിറക്കര പഞ്ചായത്തിലെ അഞ്ചാം വാർഡിൽ തട്ടാരുകോണം ചരുവിള പുത്തൻ വീട്ടിൽ കമലമ്മ അമ്മയുടെ വീടാണ് ഇടിഞ്ഞു വീണത്. വീടിൻറെ പകുതി കോൺക്രീറ്റും ബാക്കി ഓടുമാണ്.

മേൽക്കൂര കോൺക്രീറ്റ് ആയിട്ടുള്ളത് പൂർണമായും ഓടിട്ട ഭാഗത്തെ ഒരു മുറിയുടെ മേൽക്കൂര ഭാഗികമായും തകർന്നിട്ടുണ്ട്. കഴിഞ്ഞ ദിവസം രാവിലെ 10 ഓടെ ആയിരുന്നു സംഭവം. 85 വയസുള്ള കമലമ്മ അമ്മ എപ്പോഴും ഇരിക്കാറുള്ള മുറിയാണ് ഇടിഞ്ഞു വീണത്. കമലമ്മ അമ്മ മകൻറെ വീട്ടിലും മറ്റ് കുടുംബാംഗങ്ങൾ ജോലിക്കും പോയിരുന്നത് കൊണ്ട് വൻ അപകടം ഒഴിവായി. പഞ്ചായത്ത് മെമ്പറുടെ നേതൃത്വതിൽ കമലമ്മ അമ്മയെ മകൻറെ വീട്ടിലേക്കും ഉഷ, മോഹനൻ, മോനിഷ എന്നിവരെ ചിറക്കര പഞ്ചായത്തിലെ പകൽ വീട്ടിലേക്കു മാറ്റി പാർപ്പിച്ചു.

## കൊ ട്ടാരക്കരയിലും വീടുകൾ തകർന്നു

കൊട്ടാരക്കര: കഴിഞ്ഞ ദിവസമുണ്ടായ കാറ്റിലും മഴയിലും താലൂക്കിൻറെ വിവിധ ഭാഗങ്ങളിൽ വീടുകൾ തകർന്നു. മൈലം ഇഞ്ചക്കാട്ട് കുഴിവിള വീട്ടിൽ സുമതിയുടെ വീട് ഭാഗികമായും തൊഴുത്ത് പൂർണമായും നശിച്ചു. സ്ഥലത്ത് റവന്യു ഉദ്യോഗസ്ഥർ പരിശോധന നടത്തി. ഏകദേശം 80, 000 രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്.

നിലമേൽ നെട്ടയം സുപ്രഭാ മന്ദിരത്തിൽ സുപ്രയുടെ വീടും ഭാഗികമായി തകർന്നു. 25000 രൂപയുടെ നഷ്ടം സംഭവിച്ചതായാണ് കണക്കാക്കുന്നത്. നെടുവത്തൂർ പിണറ്റിൻ മൂട് ചാത്തൂർ ഗോപാലൻറെ വീടും തകർന്നിട്ടുണ്ട്. മേൽക്കൂര പൂർണമായി നിലംപൊത്തി. പരിശോധന നടത്തിയ റവന്യു സംഘം 50, 000 രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. വീട് നശിച്ചവർക്കും വിളനാശം സംഭവിച്ചവർക്കും അടിയന്തിര ധനസഹായം നൽകണമെന്നാണ് നാട്ടുകാർ ആവശ്യപ്പെടുന്നത്.

## കടയുടെയും വീടിൻറേയും ഭിത്തി ഇടിഞ്ഞുവീണു

ചവറ: ശക്തമായ മഴയെ തുടർന്ന് വീടിൻറേയും കടയുടെയും ഭിത്തി ഇടിഞ്ഞുവീണു. ചവറ തെക്കുംഭാഗം ലൂർദ് പുരം തൊടിയിൽ കിഴക്കതിൽ വീട്ടിൽ ക്ലീറ്റസിൻറെ വീടിൻറെ ഭിത്തിയാണ് ഇടിഞ്ഞ് വീണത്. മഴയിൽ ഭിത്തിയുടെ ഒരു വശം ഇടിഞ്ഞ് വീഴുകയായിരുന്നു. ഈ സമയം ക്ലീറ്റസും ഭാര്യയും രണ്ട് മക്കളും വീട്ടിനുള്ളിൽ ഉണ്ടായിരുന്നു.

വലിയ ശബ്ദം കേട്ട് ഇവർ പുറത്ത് വന്ന് നോക്കുമ്പോൾ ഭിത്തിയുടെ ഒരു വശം ഇടിഞ്ഞ് വീണ് കിടക്കുന്നതാണ് കണ്ടത്. പകുതി ഷീറ്റും ഓടു മേഞ്ഞതുമായിരുന്നു വീട്. സംഭവം അറിഞ്ഞ് ചവറ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡൻറ് പ്രഭാകരൻപിള്ള, വില്ലേജ് ഓഫീസർ എന്നിവർ സ്ഥലത്തെത്തിയിരുന്നു. ഭിത്തി പുറത്തേക്ക് വീണതിനാൽ വലിയ അപകടം ഒഴിവായി.

തെക്കുംഭാഗം മാലിഭാഗം മഠത്തിൽ വടക്കതിൽ രാജൻ ആചാരിയുടെ ഉടമസ്ഥതയിലുള്ള കടയുടെ ഭിത്തിയുടെ പകുതി ഭാഗം ഇടിഞ്ഞ് വീണു. വീടിൻറെ മുൻവശത്തുള്ള കടയുടെ പകുതിഭാഗം ഇടിഞ്ഞ് വീഴുകയായിരുന്നു. ഈ സമയം കടയിൽ ആരും ഉണ്ടായിരുന്നില്ല. ഭിത്തി ഇടിഞ്ഞ് വീണതിനെ തുടർന്ന് സമീപത്തെ വീടിൻറെ വാട്ടർ ടാങ്കും തകർന്നു.

## കോന്നിയിൽ ലൈഫ് ലൈൻ ക്ലിനിക്

കോന്നി: ആതുരസേവനരംഗത്ത് പ്രശസ്തനും അടൂർ ലൈഫ് ലൈൻ ആശുപത്രിയുടെ ഉടമയുമായ ഡോ. എസ്. പാപ്പച്ചൻറെ നേതൃത്വത്തിൽ കോന്നിയിൽ ലൈഫ് ലൈൻ ക്ലിനിക്ക് ആരംഭിച്ചു. ക്ലിനിക്കിൻറെ കൂദാശ ഡോ. ജോസഫ് മാർ ബർണബാസ് സഫ്രഗൻ മെത്രാപ്പോലീത്ത, മലങ്കര കത്തോലിക്കാ സഭ പത്തനംതിട്ട രൂപതാധ്യക്ഷൻ ഡോ. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത എന്നിവരുടെ മുഖ്യകാർമികത്വത്തിൽ നടന്നു. യാക്കൂബ് റന്പാൻ കോർ എപ്പിസ്കോപ്പ സന്നിഹിതനായിരുന്നു.

ഗൈനെക്കോളജി, വന്ധ്യതാ ചികിത്സ, ശിശുരോഗം, അസ്ഥിരോഗം, കാർഡിയോളജി, നാഡീവ്യവസ്ഥയുടെ തകരാറുകൾ (ന്യൂറോളജി), ജനറൽ മെഡിസിൻ, സർജറി, ശ്വാസകോശ രോഗങ്ങൾ (പൾമനോളജി), റേഡിയോളജി തുടങ്ങിയ വിഭാഗങ്ങളിൽ വിദഗ്ധ ഡോക്ടർമാരുടെ സേവനം ക്ലിനിക്കിൽ ലഭ്യമാണ്. തുടർചികിത്സ ആവശ്യമുള്ളവർക്ക് അടൂർ ലൈഫ് ലൈനിലേക്ക് ആംബുലൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ജനറൽ മെഡിസിൻ, ഗൈനക്കോളജി, വന്ധ്യതാ ചികിത്സ, പീഡിയാട്രിക്സ്, കാർഡിയോളജി, ന്യൂറോളജി, പൾമനോളജി എന്നീ വിഭാഗങ്ങൾ ജൂൺ മൂന്നു മുതൽ പ്രവർത്തനം ആരംഭിക്കും. വിവരങ്ങൾക്ക് ഫോൺ: 9188922869.

## ഗിരീഷ് കർണാട് തിയറ്റർ അവാർഡുകൾ പ്രഖ്യാപിച്ചു

പത്തനംതിട്ട: ഇന്ത്യൻ തിയറ്റർ രംഗത്തെ വിശ്വ നാടക, ചലച്ചിത്ര, സാംസ്കാരിക പ്രവർത്തകനായിരുന്ന ഗിരീഷ് കർണാടിൻറെ നാമധേയത്തിൽ പ്രവർത്തിക്കുന്ന സ്മാരകവേദിയുടെ നാലാമത് സമഗ്ര സംഭാവനയ്ക്കുള്ള അവാർഡുകൾ പ്രഖ്യാപിച്ചു. പ്രദീപ് മാളവിക (നടൻ), ജയൻ മൂരാട് (തിയറ്റർ), ടി. കെ. ജി. നായർ (രാഷ്ട്രീയം, സാംസ്കാരികം), കെ. എം. ഏബ്രഹാം (സീരിയൽ അഭിനയം), പത്മ ഗിരീഷ് (വിദ്യാഭ്യാസ രംഗത്തെ കലാസംസ്കാരികം), ഗോപാൽജി വടയാർ (കവിത ഹസ്വചിത്രം), സുനിത മനോജ് (അഭിനയത്രി) എന്നിവർക്കാണ് അവാർഡുകൾ. ജേതാക്കളെ പോൾസൺ താണിക്കൽ, മുരളി അടാട്ട, പ്രകാശ് കണ്ണൂർ എന്നിവരടങ്ങിയ ജഡ്ജിംഗ് പാനലാണ് തെരഞ്ഞെടുത്തത്. 10, 000 രൂപയും ശില്പവും പ്രശംസാപത്രവും അടങ്ങിയതാണ് അവാർഡ്.

31ന് ഉച്ചകഴിഞ്ഞ് മൂന്നിന് പത്തനംതിട്ട പ്രസ് ക്ലബിൽ നടക്കുന്ന ചടങ്ങിൽ ചലച്ചിത്ര സംവിധായകൻ ബ്ലസി അവാർഡുകൾ വിതരണം ചെയ്യും. രാജു ഏബ്രഹാം ബ്ലെസിയെ വേദിയിൽ ആദരിക്കുമെന്ന് പ്രസിഡൻറ് ഡോ. രാജ വാര്യർ, രക്ഷാധികാരി രാജേന്ദ്രൻ തായാട്ട്, ജനറൽ സെക്രട്ടറി കൊടുമൺ ഗോപാലകൃഷ്ണൻ അറിയിച്ചു.

## ട്രഷറി നിയന്ത്രണമെന്ന പ്രചാരണം തെറ്റിദ്ധരിപ്പിക്കുന്നത്

ട്രഷറിയിൽ നിന്ന് 5000 രൂപയിൽ കൂടുതലുള്ള ബില്ലുകൾ മാറുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങണമെന്ന വാർത്ത പൊതുജനങ്ങളെയും ഇടപാടുകാരെയും തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് ട്രഷറി ഡയറക്ടർ അറിയിച്ചു. ഈ വാർത്ത പല ഫേസ്ബുക്ക് ഗ്രൂപ്പുകളിലും പ്രചരിക്കുന്നുമുണ്ട്. മേയ് 28 മുതൽ നിയന്ത്രണം ഏർപ്പെടുത്തിയെന്ന തരത്തിലാണ് വാർത്തകൾ പ്രചരിക്കുന്നത്. സർക്കാർ തലത്തിൽ ഇത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും ട്രഷറികൾക്ക് നൽകിയിട്ടില്ലെന്നും ഡയറക്ടർ അറിയിച്ചു.

## എക്സൈസ് വകുപ്പ് കൈയിലുണ്ടോയെന്ന് മന്ത്രി രാജേഷ് പരിശോധിക്കണം: സതീശൻ

കോഴിക്കോട്: എക്സൈസ് മന്ത്രി എം. ബി. രാജേഷ് സ്വന്തം വകുപ്പിൽ നടക്കുന്ന കാര്യങ്ങൾ പോലും അറിയുന്നില്ലെന്ന് പറഞ്ഞാൽ അത് വലിയ നാണക്കേടാണെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. എക്സൈസ് വകുപ്പ് കൈയിലുണ്ടോയെന്ന് മന്ത്രി പരിശോധിക്കണമെന്നും സതീശൻ പരിഹസിച്ചു.

എക്സൈസ് വകുപ്പിൻറെ അധികാരങ്ങൾ കവർന്നെടുത്ത് അനാവശ്യ ഇടപെടൽ നടത്താനാണ് ടൂറിസം വകുപ്പ് ശ്രമിക്കുന്നത്. എൽഡിഎഫ് സർക്കാരിനെതിരായ ബാർ കോഴ ആരോപണത്തിൽ മുഴുവൻ വിവരങ്ങളും തെളിവുകളും താൻ ഹാജരാക്കിയിരുന്നു. സർക്കാർ അഴിമതികൾ നടത്തുമ്പോൾ അനാവശ്യമായ ഒരു ധൃതി കാണിക്കാറുണ്ട്. അതുതന്നെയാണ് ഇവിടെയും കണ്ടത്.

ഡ്രൈ ഡേ ഒഴിവാക്കാനും ബാറുകളുടെ പ്രവർത്തന സമയം നീട്ടിക്കൊടുക്കാനും ഏറ്റവും ആവേശത്തോടെ മുൻകൈ എടുത്ത് ഇറങ്ങിയിരിക്കുന്നത് ടൂറിസം വകുപ്പാണ്. പാവപ്പെട്ട ഉദ്യോഗസ്ഥരെക്കൊണ്ട് കൂടി നുണ പറയിപ്പിക്കുകയാണ്. ടൂറിസം വകുപ്പ് മന്ത്രി റിയാസിന് ഇക്കാര്യത്തിൽ ഒന്നും പറയാനില്ലെങ്കിൽ എക്സൈസ് വകുപ്പ് മന്ത്രി മറുപടി പറയണമെന്നും സതീശൻ ആവശ്യപ്പെട്ടു.

## കനത്ത മഴ; ഈരാറ്റുപേട്ട വാഗമൺ റോഡിൽ മണ്ണിടിച്ചിൽ

കോട്ടയം: ശക്തമായ മഴയെത്തുടർന്ന് ഈരാറ്റുപേട്ട വാഗമൺ റോഡിൽ മണ്ണിടിഞ്ഞു. തീക്കോയി പഞ്ചായത്തിലെ കല്ലം ഭാഗത്താണ് മണ്ണിടിഞ്ഞത്. മുകളിലെ പുരയിടത്തിൽ നിന്നും കല്ലും മണ്ണും റോഡിലേക്ക് പതിക്കുകയായിരുന്നു. തുടർന്ന് ഇതുവഴിയുള്ള ഗതാഗതം തടസപ്പെട്ടു.

ഗതാതഗാതം പുനഃസ്ഥാപിക്കാനുള്ള ശ്രമം അധികൃതർ ആരംഭിച്ചു. പുലർച്ചെ മുതൽ ജില്ലയുടെ കിഴക്കൻ മേഖലയിൽ മഴ ശക്തമാണ്. മീനച്ചിലാറ്റിൽ വെള്ളം ഉയർന്നതിനെ തുടർന്ന് പാലാ പനയ്ക്കൽ പാലത്ത് റോഡിൽ വെള്ളം കയറി.

കനത്ത മഴ തുടർന്നാൽ ജില്ലയുടെ വിവിധയിടങ്ങളിൽ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ഉണ്ടായേക്കമെന്ന ആശങ്ക നിലനിൽക്കുന്നു. നിലവിൽ കോട്ടയം ജില്ലയിൽ റെഡ് അലർട്ടാണുള്ളത്.

## മഴക്കാലരോഗ പ്രതിരോധം: 'പ്രഥമം പ്രതിരോധ' പദ്ധതിക്ക് തുടക്കം

കോട്ടയം: മഴക്കാല രോഗങ്ങളെ പ്രതിരോധിക്കാൻ ആരോഗ്യ വകുപ്പിൻറെ നേതൃത്വത്തിൽ 'പ്രഥമം പ്രതിരോധ' പദ്ധതിക്ക് തുടക്കമായി. കോട്ടയം ചിന്മയ വിദ്യാലയയിൽ നടന്ന ജില്ലാതല സമ്മേളനം ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൻ. പ്രിയ ഉദ്ഘാടനം ചെയ്തു. ജില്ലാ രോഗ നിരീക്ഷണ ഓഫീസർ ഡോ. ജെസി ജോയ് സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു.

ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. വ്യാസ് സുകുമാരൻ, ചിന്മയ വിദ്യാലയ പ്രിൻസിപ്പൽ ഗീത ദേവി വർമ, ജില്ല മാസ് മീഡിയ ഓഫീസർ ഡോമി ജോൺ, ജനറൽ ആശുപത്രി മെഡിക്കൽ ഓഫീസർ ഡോ. വി. എസ്. ശശിലേഖ, ടെക്നിക്കൽ അസിസ്റ്റൻറ് ഇ. കെ. ഗോപാലൻ, എൻറമോളജിസ്റ്റ് സി. സതീഷ്കുമാർ, സിഡിഎസ് അംഗം അൽഫോൻസാ അലക്സ്, റെസിഡൻറ്സ് അസോസിയേഷൻ പ്രതിനിധി ജോൺ കുര്യൻ തുടങ്ങയവർ പ്രസംഗിച്ചു. കോട്ടയം മെഡിക്കൽ കോളജ് കമ്യൂണിറ്റി മെഡിസിൻ മേധാവി ഡോ. സൈറു ഫിലിപ്പ് സെമിനാറിന് നേതൃത്വം നൽകി. കോട്ടയം എസ്എച്ച് സെൻറർ നഴ്സിംഗ് വിദ്യാർഥിനികൾ ബോധവത്കരണ കലാപരിപാടി അവതരിപ്പിച്ചു.



സ്പെഷ്യൽ ആംഡ് പൊലീസ്, കെ.എ.പി. മൂന്നാം ബെറ്റാലിയൻ എന്നിവിടങ്ങളിൽ പരിശീലനം പൂർത്തിയാക്കിയ പൊലീസ് ഉദ്യോഗസ്ഥരുടെ പാസിങ് ഔട്ട് പരേഡിൽ മുഖ്യമന്ത്രി പിണറായി വിജയൻ അഭിവാദ്യം സ്വീകരിക്കുന്നു

# നിപ പ്രതിരോധത്തിന് പ്രത്യേക കലണ്ടർ പ്രകാരമുള്ള പ്രവർത്തനങ്ങൾ: മന്ത്രി വീണാ ജോർജ്

### സെപ്റ്റംബർ വരെ നിപ പ്രതിരോധം ശക്തമാക്കണം

### മന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു

സംസ്ഥാനത്ത് നിപ പ്രതിരോധത്തിന് പ്രത്യേക പ്രവർത്തന കലണ്ടർ തയ്യാറാക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. വർഷം മുഴുവൻ ചെയ്യേണ്ട പ്രവർത്തനങ്ങളും നിപ വ്യാപന സാധ്യതയുള്ള മേയ് മുതൽ സെപ്റ്റംബർ വരെയുള്ള പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ചാണ് കലണ്ടർ തയ്യാറാക്കുന്നത്. നിപ, പക്ഷിപ്പനി പ്രതിരോധത്തിന് പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങൾ നടത്തണം. മൃഗസംരക്ഷണ വകുപ്പ്, വനം വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നീ വകുപ്പുകളുമായി സഹകരിച്ച് പ്രവർത്തനങ്ങൾ ശക്തമാക്കണം. സാഹചര്യമുണ്ടായാൽ നേരിടുന്നതിന് മോക് ഡ്രില്ലുകൾ സംഘടിപ്പിക്കണം. കോഴിക്കോട്, വയനാട് ജില്ലകൾ പ്രത്യേകം ശ്രദ്ധിക്കണം. ഈ ജില്ലകളിൽ സെപ്റ്റംബർ മാസം വരെ കാമ്പയിൻ അടിസ്ഥാനത്തിൽ നിപ വൈറസ് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമായി നടത്താനും മന്ത്രി നിർദേശം നൽകി.

കോഴിക്കോട്, വയനാട്, ഇടുക്കി, മലപ്പുറം, എറണാകുളം എന്നീ ജില്ലകളിലാണ് വവ്വാലുകളിൽ നിപ വൈറസിന്റെ ആന്റിബോഡി കണ്ടെത്തിയിട്ടുള്ളത്. ഈ ജില്ലകളിൽ ആരോഗ്യ കേന്ദ്രങ്ങൾ വഴി അവബോധ പ്രവർത്തനങ്ങൾ ശക്തമാക്കണം. വവ്വാലുകളുടെ ആവാസ വ്യവസ്ഥ നശിപ്പിക്കരുത്, പക്ഷികൾ കടിച്ച പഴങ്ങൾ കഴിക്കരുത്, വാഴക്കുലയിലെ തേൻ കുടിക്കരുത്, വവ്വാലുകളെയോ അവയുടെ വിസർജ്യമോ അവ കടിച്ച വസ്തുക്കളോ സ്പർശിക്കുന്ന സാഹചര്യം ഉണ്ടായാൽ കൈകൾ സോപ്പ് ഉപയോഗിച്ച് കഴുകണം. സ്കൂൾ ഹെൽത്തിന്റെ ഭാഗമായി കുട്ടികൾക്കും അവബോധം നൽകും.

നിപ പ്രതിരോധത്തിന് വർഷം മുഴുവൻ ചെയ്യേണ്ട പ്രവർത്തനങ്ങളും കലണ്ടറിലുണ്ട്. പനി, തലവേദന, അകാരണമായ ശ്വാസംമുട്ടൽ, മസ്തിഷ്ക ജ്വരം എന്നിവയുമായി ആശുപത്രികളിലെത്തുന്നുണ്ടെങ്കിൽ വളരെ ശ്രദ്ധിക്കണം. കാരണം ഉറപ്പുവരുത്തുന്നതിന് മുമ്പ് മരണമുണ്ടായാൽ റിപ്പോർട്ട് ചെയ്യണം. സ്വകാര്യ ആശുപത്രികളും ഇക്കാര്യം ആരോഗ്യ വകുപ്പിനെ അറിയിക്കണം. രോഗ ലക്ഷണങ്ങളിൽ സംശയമുണ്ടെങ്കിൽ കൂടുതൽ ചികിത്സാ സൗകര്യങ്ങളുള്ള ആശുപത്രിയിൽ റഫർ ചെയ്യണം. ശ്വാസകോശ സംബന്ധമായ കേസുകൾ ഓഡിറ്റ് ചെയ്യണം. മസ്തിഷ്ക ജ്വരം (അഋട) കേസുകളിൽ ഡെത്ത് ഓഡിറ്റ് നടത്തണം. ആശുപത്രി ജീവനക്കാർക്ക് അണുബാധ നിയന്ത്രണം, സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം തുടങ്ങിയവ സംബന്ധിച്ച് വ്യാപകമായി പരിശീലനം നൽകണം.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, നിപ ഏകാരോഗ്യ കേന്ദ്രം നോഡൽ ഓഫീസർ, സ്റ്റേറ്റ് മെഡിക്കൽ ബോർഡ് അംഗങ്ങൾ, ആരോഗ്യ രംഗത്തെ വിദഗ്ധ ഡോക്ടർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# ന്യൂമീഡിയ ആൻഡ് ഡിജിറ്റൽ ജേണലിസം ഡിപ്ലോമ ജൂൺ 10 വരെ അപേക്ഷിക്കാം

കേരള മീഡിയ അക്കാദമിയുടെ ന്യൂമീഡിയ ആൻഡ് ഡിജിറ്റൽ ജേണലിസം ഡിപ്ലോമ കോഴ്സിലേക്ക് (കൊച്ചി സെന്റർ) അപേക്ഷ ക്ഷണിച്ചു.

6 മാസമാണ് കോഴ്സിന്റെ കാലാവധി. വൈകീട്ട് 6 മണി മുതൽ 8 വരെയാണ് ക്ലാസ്സ് സമയം ഒരേ സമയം ഓൺലൈനിലും ഓഫ്ലൈനിലും ക്ലാസ്സ് ലഭ്യമാണ്. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 35,000 രൂപയാണ് ഫീസ്. ഡിഗ്രിയാണ് വിദ്യാഭ്യാസ യോഗ്യത. പ്രായപരിധി ഇല്ല.

മൊബൈൽ ജേണലിസം, എ ഐ, വെബ് ജേണലിസം, റൈറ്റിംഗ് ടെക്നിക്സ്, ഫോട്ടോഗ്രഫി, വീഡിയോഗ്രഫി, വീഡിയോ എഡിറ്റിംഗ്, സോഷ്യൽ മീഡിയ, പോഡ്കാസ്റ്റിംഗ് തുടങ്ങിയവയിൽ പ്രായോഗിക പരിശീലനം നൽകും. അനുദിനം മാറുന്ന നവീന സാങ്കേതിക വിദ്യകൾ സ്വായത്തമാക്കുന്നതിലൂടെ ഓൺലൈൻ മാധ്യമ മേഖലയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്താൻ കോഴ്സ് ഉപകരിക്കും. ജോലി ചെയ്യുന്നവർക്ക് ഡിജിറ്റൽ മാർക്കറ്റിംഗ് പബ്ലിക് റിലേഷൻസ് ചുമതലകൾ ഏറ്റെടുക്കാൻ സഹായിക്കുന്നതാണു കോഴ്സ്.

സർവീസിൽ നിന്നു വിരമിച്ചവർക്കും മറ്റു ജോലികളിലുള്ളവർക്കും അപേക്ഷിക്കാം. അപേക്ഷ ഫോറം ഡൗൺലോഡ് ചെയ്ത് സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി 30 / കേരള മീഡിയ അക്കാദമി സബ് സെന്റർ, opposite ICICI BANK ശാസ്തമംഗലം, തിരുവനന്തപുരം എന്ന വിലാസത്തിലോ kmanewmedia@gmail.com എന്ന ഇമെയിൽ ഐഡിയിലോ അയക്കണം. സർട്ടിഫിക്കറ്റുകളുടെ പകർപ്പും വയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് www.keralamediaacademy.org ഫോൺ: 8848277081, 0484 2422275, 2422068, 0471 2726275 അവസാന തിയതി 2024 ജൂൺ 10.

# കൈത്തറി തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് സ്വർണ്ണപ്പതക്കം;ക്യാഷ് അവാർഡ് അപേക്ഷ ക്ഷണിച്ചു

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ മക്കളിൽ 2024 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയിൽ സംസ്ഥാനത്ത് ഉന്നത വിജയം നേടിയ വിദ്യാർഥികൾക്കുള്ള സ്വർണ്ണപ്പതക്കം/ ക്യാഷ് അവാർഡിനുള്ള അപേക്ഷ ക്ഷണിച്ചു.

നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ബന്ധപ്പെട്ട ജില്ലാ എക്സിക്യുട്ടീവ് ഓഫീസർക്ക് 2024 ജൂൺ 30നു മുമ്പായി സമർപ്പിക്കണം.

കാസർഗോഡ്, കണ്ണൂർ, വയനാട് ജില്ലകളിലുള്ളവർ കണ്ണൂർ ജില്ലാ എക്സിക്യുട്ടീവ് ഓഫീസർക്കും, കോഴിക്കോട്, പാലക്കാട്, മലപ്പുറം, ജില്ലക്കാർ കോഴിക്കോട് ജില്ലാ എക്സിക്യുട്ടീവ് ഓഫീസർക്കും, തൃശൂർ, എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ ജില്ലക്കാർ എറണാകുളം ജില്ലാ എക്സിക്യുട്ടീവ് ഓഫീസർക്കും, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം, ജില്ലക്കാർ തിരുവനന്തപുരം ജില്ലാ എക്സിക്യുട്ടീവ് ഓഫീസർക്കുമാണ് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

അപേക്ഷാ ഫോറം ബോർഡിന്റെ ജില്ലാ ഓഫീസുകളിൽ നിന്നും കണ്ണൂരിലുള്ള ഹെഡ് ഓഫീസിൽ നിന്നും സൗജന്യമായി ലഭിക്കുന്നതാണ്. അപേക്ഷാ ഫോറം തപാലിൽ ആവശ്യമുള്ളവർ 5 രൂപ സ്റ്റാമ്പ് പതിച്ച സ്വന്തം വിലാസമെഴുതിയ കവർ സഹിതം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, താളിക്കാവ്, കണ്ണൂർ 670001 എന്ന വിലാസത്തിൽ അപേക്ഷിക്കാം.

കുടുതൽ വിവരങ്ങൾക്ക്: കണ്ണൂർ 0497 2702995, കോഴിക്കോട് 0496 2984709, എറണാകുളം 0484 2374935, തിരുവനന്തപുരം 0471 2331958.

# മഴ കാരണം കടയിൽ കയറി നിന്നയാളെ സർജിക്കൽ ബ്ലേഡിന് ആക്രമിച്ചു; കടയുടമയ്ക്കെതിരെ കേസ്

കണ്ണൂർ: മഴ നനയാതിരിക്കാനായി പെട്ടിപ്പീടികയിൽ കയറിയ നിന്നയാളെ സർജിക്കൽ ബ്ലേഡ് കൊണ്ട് മാരകമായി മുറിവേൽപ്പിച്ച സംഭവത്തിൽ വധശ്രമമുൾപ്പെടെയുള്ള വകുപ്പുകളിൽ പോലീസ് കേസെടുത്തു. രാമന്തളി എട്ടിക്കുളം അമ്പലപ്പാറയിലെ കെ.എ. മുഹമ്മദ്കുഞ്ഞിയുടെ പരാതിയിലാണ് തളിപ്പറമ്പ് സ്വദേശിയും എട്ടിക്കുളത്തെ താമസക്കാരനുമായ മജീദിനെതിരേ കേസെടുത്തത്. കഴിഞ്ഞ ഞായറാഴ്ച വൈകുന്നേരം നാലേമുക്കാലോടെ എട്ടിക്കുളം ബീച്ചിലാണ് പരാതിക്കാസ്പദമായ സംഭവം. പെട്ടെന്നുള്ള മഴ വന്നപ്പോൾ നനയാതിരിക്കാനായി ബീച്ചിലുള്ള മജീദിൻറെ പെട്ടിപ്പീടികയിൽ പരാതിക്കാരൻ കയറിയതാണ് സംഭവത്തിന് കാരണമായത്. പീടികക്കാരനായ മജീദിന് ഇതിഷ്ടമാകാത്തതിനാൽ ചോദ്യം ചെയ്തു. ഇതോടെ ഇരുവരും തമ്മിൽ വാക്കേറ്റമായി. ഇതിനിടയിൽ അശ്ലീലഭാഷയിൽ ചീത്ത വിളിച്ച് മുഖത്തടിച്ചശേഷം കൊല്ലുമെന്ന ഭീഷണിയോടെ സർജിക്കൽ ബ്ലേഡ്കൊണ്ട് മുഹമ്മദ്കുഞ്ഞിയുടെ കഴുത്തിനും മുഖത്തും മാരകമായി മുറിവേൽപ്പിക്കുകയുമായിരുന്നുവെന്നാണ് പരാതി. കണ്ണൂർ ഗവ. മെഡിക്കൽ കോളജിലെ അടിയന്തര ചികിത്സക്ക് വിധേയമാക്കിയ പരാതിക്കാരന് മുപ്പത്തിമൂന്നോളം സ്റ്റിച്ചുകളിടേണ്ടിവന്നു. ചികിത്സയിൽ കഴിയുന്ന പരാതിക്കാരനിൽനിന്നു മൊഴിയെടുത്തശേഷമാണ് വധശ്രമമുൾപ്പെടെയുള്ള വകുപ്പുകളിൽ പോലീസ് പ്രതിക്കെതിരേ കേസെടുത്തത്. ഈ സംഭവത്തോടെ മൊബൈൽഫോൺ ഓഫാക്കി മുങ്ങിയ പ്രതിയെ പിടികൂടാനുള്ള ശ്രമത്തിലാണ് പോലീസ്.

# പായൽ കപാഡിയ അഭിമാനമെങ്കിൽ അവർക്കെതിരായ കേസുകൾ പിൻവലിക്കുമോ? തരൂർ

മുംബൈ: കാൻ ചലച്ചിത്രോത്സവത്തിൽ 'ഗ്രാൻഡ് പ്രി' പുരസ്കാരം നേടി ഇന്ത്യയുടെ യശസ്സുയർത്തിയ സംവിധായിക പായൽ കപാഡിയയ്ക്കെതിരായ കേസുകൾ പിൻവലിക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദിയോട് ആവശ്യപ്പെട്ട് കോൺ?ഗ്രസ് നേതാവ് ശശി തരൂർ.

ബി.ജെ.പി സർക്കാർ യോ?ഗ്യനല്ലാത്ത ചെയർമാനെ നിയമച്ചതിൽ പ്രതിഷേധിച്ച പായലിനും മറ്റ് വിദ്യാർഥികൾക്കുമെതിരേയെടുത്ത കേസുകൾ പിൻവലിക്കേണ്ടതല്ലേയെന്നും തരൂർ ചോദിച്ചു.

എഫ്.ടി.ഐ.ഐ. ചെയർമാനായി മഹാഭാരതം സീരിയലിലെ നടനായിരുന്ന ഗജേന്ദ്ര ചൗഹാനെ നിയമിച്ചതിനെതിരായ വിദ്യാർഥി പ്രക്ഷോഭത്തിന്റെ മുൻനിരയിലുണ്ടായിരുന്നതാണ് പായലിനെതിരേ കേസെടുക്കുന്നതിലേക്ക് നയിച്ചത്. 2015ലെ കേസ് ഇപ്പോഴും ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ (എഫ്.ടി.ഐ.ഐ.) പിൻവലിച്ചിട്ടില്ല.

139 ദിവസം നീണ്ട പ്രക്ഷോഭത്തിൽ അഞ്ചു വിദ്യാർഥികൾ അറസ്റ്റിലായി. പായലുൾപ്പെടെ 25 വിദ്യാർഥികളുടെ പേര് കുറ്റപത്രത്തിലുണ്ട്. സമരത്തിന്റെ പേരിൽ പായലിന് സ്കോളർഷിപ്പ് നഷ്ടമായി. വിദേശത്തെ പഠന പരിപാടിയിൽ പങ്കെടുക്കാൻ വിലക്കും നേരിട്ടിരുന്നു.

പായലിനെതിരായ കേസ് ചൂണ്ടിക്കാട്ടി ഓസ്കർ ജേതാവ് റസൂൽ പൂക്കുട്ടിയും രം?ഗത്തെത്തിയിരുന്നു. ഗ്രാൻ പ്രി പുരസ്കാരം ലഭിച്ചതിന് പിന്നാലെ എഴുതിയ പ്രശംസാക്കുറിപ്പിൽ എഫ്.ടി.ഐ.ഐ. നൽകിയ കേസിലെ 25ാം പ്രതിയാണ് പായലെന്നും അടുത്തമാസം കോടതിയിൽ ഹാജരാകേണ്ടതുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടിയിരുന്നു. പായലിന്റെ നേട്ടം ആഘോഷിക്കുന്ന എഫ്.ടി.ഐ.ഐ.യുടെ ഇരട്ടത്താപ്പിനെ ബോളിവുഡ് നടൻ അലി ഫസലും വിമർശിച്ചു.

# പുതിയ മദ്യനയം: സത്യം പുറത്തുവരാൻ സിബിഐ അന്വേഷണം വേണമെന്ന് വി. എം. സുധീരൻ

തിരുവനന്തപുരം: മദ്യനയവുമായി ബന്ധപ്പെട്ട് ഉയർന്നു വരുന്ന ആരോപണങ്ങളിൽ സത്യം പുറത്തു വരാൻ സിബിഐ അന്വേഷണം വേണമെന്ന് കോൺഗ്രസ് നേതാവ് വി. എം. സുധീരൻ.

അതോടൊപ്പം യുഡിഎഫ് ആവശ്യപ്പെട്ടതുപോലെ ജുഡീഷൽ അന്വേഷണവും നടത്തുന്നത് സർക്കാരിൻറെ അകത്തളങ്ങളിൽ നടന്ന കള്ളക്കളികൾ സമഗ്രമായി പുറത്തുകൊണ്ടുവരുന്നതിന് പ്രയോജനപ്പെടും. മദ്യത്തിൻറെ ഉപയോഗവും ലഭ്യതയും കുറച്ചുകൊണ്ടു വരാൻ സഹായകമായ നയം കൊണ്ടു വരുമെന്നു പ്രകടനപത്രികയിൽ വാഗ്ദാനം ചെയ്തശേഷം മദ്യശാലകൾ വ്യാപകമാക്കിയതിലൂടെ പിണറായി സർക്കാർ ജനവഞ്ചനയാണു നടത്തിയത്.

പിണറായി സർക്കാർ അധികാരമേൽക്കുന്പോൾ സംസ്ഥാനത്തുണ്ടായിരുന്നത് 29 ബാറുകൾ മാത്രമായിരുന്നു. അതിപ്പോൾ 920നുമേൽ കവിഞ്ഞിരിക്കുന്നു. ബെവ്കോയുടെയും കൺസ്യൂമർഫെഡിൻറെയും 306 ഔട്ട്ലെറ്റുകൾക്ക് പുറമെയാണിത്.

മദ്യനയത്തിൽ മാറ്റം വരുത്തുന്നതിനായി നിരവധി ആലോചനകളും യോഗങ്ങളും നടത്തിയിട്ടും ഇതുമായി ബന്ധപ്പെട്ട് പ്രാഥമിക ചർച്ചകൾ പോലും നടത്തിയില്ലെന്നു പറയുന്ന എക്സൈസ്, ടൂറിസം മന്ത്രിമാരുടെ നടപടി സത്യപ്രതിജ്ഞാലംഘനമാണ്.

കേരളീയ സമൂഹത്തെയും തലമുറകളെയും സർവനാശത്തിലേക്കു തള്ളിവിടുന്ന പിണറായി സർക്കാരിൻറെ മദ്യനയം സന്പൂർണമായി പിൻവലിക്കാൻ ഇനിയെങ്കിലും സർക്കാർ ആർജവം കാണിക്കണമെന്ന് സുധീരൻ ആവശ്യപ്പെട്ടു.

# കുഞ്ചിത്തണ്ണി റോഡ് തകർന്ന് ഗതാഗതം പ്രതിസന്ധിയിലായി

കുഞ്ചിത്തണ്ണി: ഇരുപതേക്കർ കുഞ്ചിത്തണ്ണി (പള്ളിവഴി) റോഡ് തകർന്ന് ഗതാഗതം പ്രതിസന്ധിയിലായി. ജൽ ജീവൻ പദ്ധതിക്കായി റോഡു വശങ്ങളിൽ കാനകൾ നിർമിച്ചതാണ് ഗതാഗതം പ്രതിസന്ധിയിലാകാൻ കാരണം.

റോഡ് വശത്തെ കോൺക്രീറ്റ് പൊളിച്ച് കുഴിയെടുത്തതോടെ മഴയിൽ വെള്ളം കുത്തി ഒഴുകി റോഡ് തകരുകയാണ്. പൈപ്പു സ്ഥാപിച്ച സ്ഥലങ്ങൾ കോൺക്രീറ്റ് ചെയ്ത് പൂർവ സ്ഥിതിയിലാക്കാൻ ബന്ധപ്പെട്ടവർ തയാറാകുന്നില്ല.

ഹോളി ഫാമിലി സ്കൂളിലേക്കും പള്ളിയിലേക്കും വാഹനങ്ങൾക്കു കടന്നു പോകാൻ സാധിക്കാത്ത് സ്ഥിതിയാണ്. ഇരുപതേക്കർ ഭാഗത്ത് ഉടുന്പൻചോലരണ്ടാംമൈൽ മലയോര ഹൈവേയുടെ വശങ്ങൾ കോൺക്രീറ്റി ചെയ്യാത്തതിനാൽ സ്കൂൾ ബസുകൾക്ക് സ്കൂളിലേക്കു പ്രവേശിക്കാൻ സാധിക്കാത്ത സാഹചര്യവുമാണ്. വിദ്യാർഥികളെ റോഡിൽ ഇറക്കിവിടേണ്ട ഗതികേടാണുള്ളത്. അധികൃതരെ വിവരം അറിയിച്ചിട്ടും നടപടി ഉണ്ടാകുന്നില്ല. സ്കൂൾ തുറക്കുന്നതിനു മുന്പ് പ്രശ്ന പരിഹാരമുണ്ടാകണമെന്നാണ് നാട്ടുകാരുടെ ആവശ്യം.




*വി കെ പ്രശാന്ത് എം എൽ എ ജവഹർ ബാലഭവനിൽ നടത്തിയ വാർത്താ സമ്മേളനം*

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# മഴക്കെടുതി രൂക്ഷം

തിരുവനന്തപുരം: സംസ്ഥാനത്ത് മഴക്കെടുതി രൂക്ഷമാകുന്നു. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലാണ് മഴമൂലമുള്ള ദുരിതം രൂക്ഷമായത്. ചൊവ്വാഴ്ച നിരവധി ഇടങ്ങളിൽ മണ്ണിടിച്ചിലും ഗതാഗത തടസ്സവും ഉണ്ടായി. കോട്ടയത്ത് ഉരുൾപൊട്ടലിൽ വീടുകൾ തകർന്നു. ആലപ്പുഴ, കോട്ടയം, ഇടുക്കി, തിരുവനന്തപുരം, കാസർകോട് ജില്ലകളിലായി അഞ്ച് മരണവും ഇന്ന് സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടു. ചൊവ്വാഴ്ച രാവിലെ മുതൽ കോട്ടയം, ആലപ്പുഴ ജില്ലകളിലെ വിവിധ പ്രദേശങ്ങളിൽ ശക്തമായ മഴയായിരുന്നു.



കോട്ടയത്ത് ഉരുൾപ്പൊട്ടിയപ്പോൾ

വേമ്പനാട്ടുകായലിൽ വള്ളംമറിഞ്ഞ് വൈക്കം സ്വദേശി മരിച്ചു. ചെമ്പ് കിഴക്കേകാട്ടമ്പള്ളി സദാനന്ദൻ(57) ആണ് മരിച്ചത്. വേമ്പനാട്ടുകായലിന്റെ ചെമ്പ് കാട്ടിക്കുന്ന് ഭാഗത്തായിരുന്നു അപകടം. വള്ളത്തിൽ നിന്ന് വല വലിക്കുന്നതിനിടെയുണ്ടായ ശക്തമായ കാറ്റിൽ സദാനന്ദൻ കായലിലേക്ക് വീഴുകയായിരുന്നു. മൃതദേഹം വൈക്കം താലൂക്ക് ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി.

മാവേലിക്കരയിൽ മരം കടപുഴകി വീണുണ്ടായ അപകടത്തിൽ ഒരാൾ മരിച്ചു. മാവേലിക്കര സ്വദേശി അരവിന്ദാണ് മരിച്ചത്. വീടിന്റെ വാതിൽക്കൽ നിൽക്കുകയായിരുന്ന അരവിന്ദിന്റെ ദേഹത്തേക്ക് തെങ്ങ് കടപുഴകി വീഴുകയായിരുന്നു. ചൊവ്വാഴ്ച രാവിലെയായിരുന്നു അപകടം.

ഇടുക്കി മറയൂർ കോവിൽക്കടവിൽ ഒഴുക്കിൽപ്പെട്ട് മധ്യവയസ്കൻ മരിച്ചു. പാമ്പാർ സ്വദേശി രാജൻ (57) ആണ് മരിച്ചത്. മീൻ പിടിക്കുന്നതിനിടിയിൽ കാൽ വഴുതി ആറ്റിലേക്ക് വീഴുകയായിരുന്നു. അഗ്നിരക്ഷാസേനയും പോലീസും സ്ഥലത്തെത്തി തിരച്ചിൽ നടത്തിയെങ്കിലും രാജനെ കണ്ടെത്താനായിരുന്നില്ല. പിന്നീട്, അടുത്തുള്ള കടവിൽനിന്ന് മൃതദേഹം കണ്ടെത്തുകയായിരുന്നു.



## ടീമിനൊപ്പം തുടരണം, ഗംഭീറിന് ബ്ലാങ്ക് ചെക്ക് നൽകി ഷാരൂഖ്

ചെന്നൈ: ഐപിഎല്ലിൽ മൂന്നാം കിരീട വിജയത്തിന്റെ ആവേശത്തിലാണ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ടീം. ചെന്നൈയിൽ നടന്ന ഫൈനലിൽ സൺറൈസേഴ്സ് ഹൈദരാബാദിനെ എട്ട് വിക്കറ്റിന് തകർത്തായിരുന്നു ടീമിന്റെ കിരീടധാരണം. വിജയത്തിന് പിന്നാലെ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിന്റെ ഉടമ ഷാരൂഖ് ഖാൻ ടീം മെന്ററും മുൻ നായകനുമായ ഗൗതം ഗംഭീറിന്റെ നെറ്റിയിൽ ചുംബിക്കുന്ന വീഡിയോ സോഷ്യൽ മീഡിയയിൽ വൈറലായിരുന്നു. ഇതിനു പിന്നാലെ ഇപ്പോഴിതാ ടീം വിടാതിരിക്കാൻ ഷാരൂഖ്, ഗംഭീറിന് ബ്ലാങ്ക് ചെക്ക് ഒപ്പിട്ടുനൽകിയതായാണ് റിപ്പോർട്ട്. 10 വർഷത്തേക്ക് ടീമിൽ തുടരണമെന്നാണ് ഷാരൂഖിന്റെ ആവശ്യം. പ്രതിഫലം എത്രയാണെന്ന് ഗംഭീറിന് തീരുമാനിക്കാമെന്നാണ് ഷാരൂഖ് നിലപാടെടുത്തതെന്നും റിപ്പോർട്ടിൽ പറയുന്നു.

ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ പരിശീലക സ്ഥാനത്തേയ്ക്ക് ഗംഭീറിനെ പരിഗണിക്കുന്നതിനിടയിലാണ് ഷാരൂഖിന്റെ ഓഫർ. ഐപിഎല്ലിൽ കൊൽക്കത്ത മൂന്ന് തവണ കിരീടം നേടിയപ്പോഴും ഗംഭീർ നിർണായക സാന്നിധ്യമായി ടീമിനൊപ്പമുണ്ടായിരുന്നു. 2012ലും 2014ലും ഗംഭീറിന്റെ ക്യാപ്റ്റൻസിയിലാണ് കൊൽക്കത്ത് കപ്പുയർത്തിയത്. ഇപ്പോഴിതാ മെന്ററെന്ന നിലയിലും അദ്ദേഹം ടീമിന്റെ കിരീടവിജയത്തിൽ പങ്കാളിയായിരിക്കുന്നു.

വരുന്ന ടി20 ലോകകപ്പോടെ രാഹുൽ ദ്രാവിഡ് ഇന്ത്യൻ ടീമിന്റെ പരിശീലകസ്ഥാനം ഒഴിയുമ്പോൾ പകരക്കാരനായി ഗംഭീറും ബിസിസിഐയുടെ പട്ടികയിലുണ്ട്. എന്നാൽ ഇക്കാര്യത്തിൽ ബോർഡും താരവും ഔദ്യോഗികമായി യാതൊരു ചർച്ചയും നടത്തിയിട്ടില്ല. ഇതിനിടെ ഐപിഎൽ ഫൈനലിനു പിന്നാലെ ബിസിസിഐ സെക്രട്ടറി ജയ് ഷായും ഗംഭീറും ചെപ്പോക്കിൽ പരസ്പരം ദീർഘനേരം സംസാരിച്ചിരുന്നു. ഇന്ത്യൻ ടീമിന്റെ പരിശീലകനാകാൻ ഗംഭീറിനും താത്പര്യമുണ്ടെന്ന തരത്തിൽ റിപ്പോർട്ടുകൾ വരികയും ചെയ്തു. ഇതോടെയാണ് അദ്ദേഹത്തെ പിടിച്ചുനിർത്താൻ കൊൽക്കത്ത ശ്രമം തുടങ്ങിയത്. എന്നാൽ ഇക്കാര്യത്തിൽ താരം എന്തു നിലപാടു സ്വീകരിക്കുമെന്നു വ്യക്തമല്ല.

## കുട്ടികളെ കടത്തുന്ന സംഘം ഹൈദരാബാദിൽ പിടിയിൽ; കയ്യിൽ 2 മാസം പ്രായമുള്ള കുഞ്ഞ് വരെ

ഹൈദരാബാദ് : വിവിധ സംസ്ഥാനങ്ങളിൽ വേരുകളുള്ള, കുട്ടികളെ കടത്തുന്ന സംഘത്തിലുള്ളവർ ഹൈദരാബാദിൽ അറസ്റ്റിലായി. 13 കുട്ടികളെ പൊലീസ് രക്ഷപ്പെടുത്തി. 4 ആൺകുട്ടികളും 9 പെൺകുട്ടികളും സംഘത്തിന്റെ കയ്യിൽ ഉണ്ടായിരുന്നതായി പൊലീസ് പറഞ്ഞു. കൂട്ടത്തിലെ ഏറ്റവും ചെറിയ കുട്ടിക്ക് രണ്ടു മാസമാണ് പ്രായം. 8 സ്ത്രീകളടക്കം 11 പേരെ രാച്ചകൊണ്ട പൊലീസ് അറസ്റ്റു ചെയ്തു.

ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന ശോഭാ റാണി എന്ന വനിത അറസ്റ്റിലായതോടെയാണ് സംഘത്തെക്കുറിച്ച് പൊലീസിനു വിവരം ലഭിച്ചത്. ഇവർ 4.50 ലക്ഷം രൂപയ്ക്ക് ഒരു കുട്ടിയെ വിൽപന നടത്തിയിരുന്നു. ഡൽഹി, പുണെ തുടങ്ങിയ സ്ഥലങ്ങളിൽനിന്നാണ് കുട്ടികളെ എത്തിച്ചിരുന്നത്.

"കുട്ടികൾ പാവപ്പെട്ട വീടുകളിലുള്ളവരാണ്. 1.8 ലക്ഷം മുതൽ 5.5 ലക്ഷം രൂപയ്ക്കു വരെയാണ് കുട്ടികളെ വിൽപന നടത്തിയിരുന്നത്. രണ്ടു മാസം മുതൽ രണ്ടു വയസുവരെ പ്രായമുള്ളവർ കുട്ടികളുടെ കൂട്ടത്തിലുണ്ട്' പൊലീസ് പറഞ്ഞു. അറസ്റ്റിലായവരെല്ലാം തെലങ്കാന, ആന്ധ്രപ്രദേശ് സംസ്ഥാനങ്ങളിൽ ഉള്ളവരാണ്. ഡൽഹിയിലും പുണെയിലുമുള്ള 3 പേരാണ് കുട്ടികളെ സംഘത്തിനു നൽകിയിരുന്നതെന്ന് ചോദ്യം ചെയ്യലിൽ വ്യക്തമായി. നിയമപ്രശ്നങ്ങൾ കാരണം ദത്തെടുക്കലിനു കാത്തിരിക്കാൻ മനസില്ലാത്ത ദമ്പതികൾക്കാണ് കുട്ടികളെ നൽകിയിരുന്നത്. കുട്ടികളെ ശിശുക്ഷേമ വകുപ്പിന് കൈമാറി.

"ആരോഗ്യപ്രവർത്തകയായ ശോഭാ റാണിയിൽനിന്നാണ് ഞങ്ങൾ കുട്ടിയെ വാങ്ങിയത്. 4 ലക്ഷം രൂപ നൽകി. കുട്ടിയുടെ മാതാപിതാക്കൾ പാവപ്പെട്ടവരാണെന്നാണ് ശോഭാ റാണി പറഞ്ഞത്. കുട്ടി ഒരു വർഷമായി ഞങ്ങളോടൊപ്പമുണ്ട്.

യഥാർഥ മാതാപിതാക്കളെ കണ്ടെത്തിയാൽ കുട്ടിയെ നൽകാൻ തയാറാണ്.

## മിസോറാമിൽ ക്വാറിതകർന്ന് അപകടം; പത്ത്പേർ മരിച്ചു; നിരവധിപേരെ കാണാതായി

ഐസ്വാൾ: മിസോറാമിലെ ഐസ്വാളിൽ കരിങ്കൽ ക്വാറി തകർന്ന് പത്ത് തൊഴിലാളികൾ മരിച്ചു. നിരവധി പേരെ കാണാതായി. പലരും കല്ലുകൾക്കിടയിൽ കുടുങ്ങി കിടക്കുകയാണെന്ന് സംശയിക്കുന്നതായി അധികൃതർ അറിയിച്ചു. സ്ഥലത്ത് രക്ഷാപ്രവർത്തനം തുടരുകയാണ്. അപകടത്തിൽ സമീപത്തെ നിരവധി വീടുകളും തകർന്നിട്ടുണ്ട്. ഇന്ന് രാവിലെ ആറോടെയാണ് അപകടമുണ്ടായത്.

റേമൽ ചുഴലിക്കാറ്റിൻറെ സ്വാധീനഫലമായി സംസ്ഥാനത്ത് കനത്ത മഴ തുടരുകയാണ്. ഇത് രക്ഷാപ്രവർത്തനത്തിന് തടസമാകുന്നുണ്ടെന്നും പോലീസ് അറിയിച്ചു. ഹന്തറിൽ ദേശീയപാതയിൽ മണ്ണിടിച്ചിൽ ഉണ്ടായി.

## പ്രധാനമന്ത്രിയുടെ 80 ലക്ഷത്തിൻറെ ബിൽ അടയ്ക്കാമെന്ന് കർണാടക

ബംഗളൂരു: കർണാടകയിലെ മൈസൂരുവിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ 80 ലക്ഷം രൂപയോളം വരുന്ന ഹോട്ടൽ ബില്ലിനെച്ചൊല്ലി വിവാദം.

പ്രൊജക്ട് ടൈഗറിൻറെ 50 വർഷത്തെ സ്മരണയ്ക്കായി കഴിഞ്ഞ വർഷം ഏപ്രിലിലാണ് മോദി മൈസൂരുവിലെത്തിയത്. ഏപ്രിലിൽ കർണാടകയിൽ നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുന്നതിനാൽ, മാതൃകാ പെരുമാറ്റച്ചട്ടം പ്രാബല്യത്തിലുണ്ടായിരുന്നു. ഈ ഘട്ടത്തിൽ പ്രോജക്റ്റ് ടൈഗർ പദ്ധതി ആസൂത്രണം ചെയ്യുന്നതിൽ സംസ്ഥാന സർക്കാർ ഉൾപ്പെട്ടിരുന്നില്ല. അതിനാൽ പൂർണമായും ഒരു കേന്ദ്ര സർക്കാർ പരിപാടിയായി അതു മാറിയിരുന്നു. മൂന്ന് കോടിയോളം രൂപ ചെലവിടാനാണ് ആദ്യം പദ്ധതിയിട്ടിരുന്നതെങ്കിലും 6.33 കോടിയോളം രൂപയാണ് ചെലവായത്. ബാക്കി 3.3 കോടി ദേശീയ കടുവ സംരക്ഷണ അഥോറിറ്റിയിൽനിന്നു ലഭിക്കണം.

ഇതിനായി ദേശീയ കടുവ സംരക്ഷണ അഥോറിറ്റിക്ക് സംസ്ഥാന വനംവകുപ്പ് കത്തെഴുതിയിരുന്നു. എന്നാൽ പ്രധാനമന്ത്രിയുടെ ഹോട്ടൽ ബിൽ സംസ്ഥാന സർക്കാർ തിരികെ നൽകണമെന്ന് അവർ അറിയിച്ചു.

സംഭവം വിവാദമായതോടെ പണം നൽകുമെന്നു കർണാടക വനം മന്ത്രി ഈശ്വർ ഖണ്ട്രെ അറിയിച്ചു. പ്രധാനമന്ത്രി, രാഷ്ട്രപതി തുടങ്ങിയ വിശിഷ്ട വ്യക്തികൾ വരുമ്പോൾ അവരെ സ്വീകരിക്കുന്നത് സംസ്ഥാന സർക്കാരിൻറെ പാരമ്പര്യമാണ്.

മാതൃകാ പെരുമാറ്റച്ചട്ടം ഉണ്ടായിരുന്നതിനാലാണ് ആശയക്കുഴപ്പമുണ്ടായതെന്നും മന്ത്രിയുടെ ഓഫീസ് പ്രസ്താവനയിൽ പറഞ്ഞു.

## പന്തീരാങ്കാവ് കേസ്: രാഹുലിൻെറ അമ്മയ്ക്കും സഹോദരിക്കും മുൻകൂർ ജാമ്യം

കോഴിക്കോട്: പന്തീരാങ്കാവ് ഗാർഹിക പീഡന ക്കേസിൽ ഒന്നാം പ്രതി പ്രതി രാഹുലിൻറെ അമ്മയ്ക്കും സഹോദരിക്കും മുൻകൂർ ജാമ്യം. കേസിലെ രണ്ടും മൂന്നും പ്രതികളായ ഉഷ, കാർത്തിക എന്നിവർക്കാണ് കോഴിക്കോട് ജില്ലാ സെഷൻസ് കോടതി ജാമ്യം അനുവദിച്ചത്.

ജൂൺ ഒന്നിന് മുമ്പ് അന്വേഷണ ഉദ്യോഗസ്ഥന് മുന്നിൽ ഹാജരായി ചോദ്യം ചെയ്യലുമായി സഹകരിക്കണമെന്ന് പ്രതികൾക്ക് കോടതി നിർദേശം നൽകി. ഇവരെ നേരത്തേ പോലീസ് ചോദ്യം ചെയ്യാൻ വിളിപ്പിച്ചെങ്കിലും ഹാജരായിരുന്നില്ല. ഇതിന് പിന്നാലെയാണ് ഇവർ മുൻകൂർ ജാമ്യാപേക്ഷയുമായി കോടതിയെ സമീപിച്ചത്.

അതേസമയം രാഹുലിനെ ജർമനിയിലേക്ക് ഒളിച്ചു കടക്കാൻ സഹായിച്ച പന്തീരാങ്കാവ് സ്റ്റേഷനിലെ സീനിയർ സിവിൽ പോലീസ് ഓഫിസർ ബാലുശേരി സ്വദേശി കെ. ടി. ശരത്‌ലാലും മുൻകൂർ ജാമ്യാപേക്ഷ നൽകിയിട്ടുണ്ട്. ശരത്‌ലാലിൻറെ ജാമ്യാപേക്ഷ കോടതി 31ന് പരിഗണിക്കും. കേസിലെ പരാതിക്കാരിയായ പെൺകുട്ടിയുടെ രഹസ്യമൊഴി കോടതി കഴിഞ്ഞ ദിവസം രേഖപ്പെടുത്തിയിരുന്നു.

## തുറമുഖത്തിന് സമീപം തിരയിൽപ്പെട്ട് വള്ളം മറിഞ്ഞു

ചൊവ്വാഴ്ച രാവിലെ 7.30 ഓടെ അന്താരാഷ്ട്ര തുറമുഖത്തിന് സമീപം വിഴിഞ്ഞം നോർത്ത് ഭാഗത്തുള്ള അബ്ദുൾ റഷീദിന്റെ വള്ളം തിരയിൽപ്പെട്ട് മറിഞ്ഞു. വള്ളത്തിലുണ്ടായിരുന്ന അബ്ദുൽ റഷീദ്, മൊയ്ദീൻ കണ്ണ്, സജീർ, ഷറഫുദീൻ എന്നിവർ കടലിൽ വീണു. വള്ളത്തിൽ നിന്ന് വീണ് തെറിച്ചുവീണ ഷറഫുദിന് തലയ്ക്ക് പരിക്കേറ്റു. വള്ളത്തിൽ പിടിച്ചുകിടന്ന ഇവരെ വിഴിഞ്ഞത്തുനിന്ന് കോസ്റ്റൽ പോലീസ് എത്തിയാണ് രക്ഷപ്പെടുത്തിയത്. ഇവരുടെ വള്ളത്തിന് കേടുപാടുണ്ടായി. വലയുൾപ്പെടെയുള്ള മീൻപിടിത്ത ഉപകരണങ്ങൾ തിരയിൽപ്പെട്ട് കാണാതായി.

## ഏഴാം ഘട്ട സ്ഥാനാർത്ഥികളിൽ 22 ശതമാനം ക്രിമിനൽകേസ് പ്രതികൾ

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഏഴാംഘട്ട സ്ഥാനാർത്ഥികളിൽ 22 ശതമാനവും ക്രിമിനൽകേസ് പ്രതികൾ. അസോസിയേഷൻ ഫോർ ഡെമോക്രാറ്റിക്ക് റിഫോംസ് പുറത്തുവിട്ട റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. 904 സ്ഥാനാർത്ഥികളിൽ 199 പേരും ക്രിമിനൽകേസ് പ്രതികളാണ്.

ബിഹാർ, ചണ്ഡീഗഢ്, ഹിമാചൽ പ്രദേശ്, ഝാർഖണ്ഡ്, ഒഡിഷ, പഞ്ചാബ്, ഉത്തർപ്രദേശ്, പശ്ചിമ ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിലാണ് ജൂൺ ഒന്നിന് ഏഴാംഘട്ട തെരഞ്ഞെടുപ്പ് നടക്കാനിരിക്കുന്നത്. 904 സ്ഥാനാർത്ഥികളിൽ 151 പേരും കൊലപാതകം, തട്ടിക്കൊണ്ടുപോകൽ, ബലാത്സംഗം, തുടങ്ങിയ ഗുരുതരമായ ക്രിമിനൽകേസിൽ ഉൾപ്പെട്ടവരാണ്. നാലുപേർ കൊലപാതക കുറ്റത്തിനും 27 പേർ വധശ്രമത്തിലും 13 പേർ സ്ത്രീകൾക്കെതിരായ കുറ്റകൃത്യം, 25 പേർ വിദ്വേഷ പ്രസംഗം നടത്തിയ കേസുകളിലും പ്രതിചേർക്കപ്പെട്ടവരാണ്. ബിജെപിയുടെ 51 സ്ഥാനാർത്ഥികളിൽ 23 പേരും ക്രിമിനൽക്കേസ് നേരിടുന്നുണ്ട്. ഇവരിൽ 18 പേരും ഗുരുതരമായ ക്രിമിനൽ കേസിൽ ഉൾപ്പെട്ടവരാണ്.

ഏഴാംഘട്ട തെരഞ്ഞെടുപ്പിൽ 30 കോൺഗ്രസ് സ്ഥാനാർത്ഥികൾ മത്സരിക്കുന്നുണ്ട്. ഇതിൽ 12 പേരും ക്രിമിനൽകേസ് പ്രതികളാണ്. ആം ആദ്മി പാർട്ടി അഞ്ച്, സമാ!ജ്!വാദി പാർട്ടി ഏഴ്, തൃണമൂൽ കോൺഗ്രസ് ഏഴ്, ശിരോമണി അകാലിദൾ എട്ട് എന്നിങ്ങനെയാണ് ക്രിമിനൽകേസിൽ ഉൾപ്പെട്ട സ്ഥാനാർത്ഥികളുടെ കണക്ക്. ഏഴാംഘട്ടത്തിൽ മത്സരിക്കുന്ന 904 സ്ഥാനാർത്ഥികളിൽ 299 പേരും ഒരു കോടിപതികളാണ്.

ശിരോമണി അകാലിദളിന്റെ ഹർസിമ്രത് കൗർ ബാദലാണ് സ്ഥാനാർത്ഥികളിൽ ഏറ്റവും സമ്പന്ന. 198 കോടിയാണ് ഹർസിമ്രതിന്റെ ആസ്തി. 148 കോടിയിലധികം ആസ്തിയുമായി ബിജെപിയുടെ ബൈജയന്ത് പാണ്ഡയാണ് രണ്ടാം സ്ഥാനത്ത്. തൊട്ടുപുറകിൽ സഞ്ജയ് ടണ്ഡനാണ്. 111 കോടിയാണ് ടണ്ഡന്റെ ആസ്തി. ഉത്കൽ സമാജ് പാർട്ടിയുടെ ഭാനുമതി ദാസാണ് ഏറ്റവും ദരിദ്രയായ സ്ഥാനാർത്ഥി.

## പത്തുവയസുകാരിയെ പീഡിപ്പിച്ച കരാട്ടെ അധ്യാപകന് 110 വർഷം കഠിന തടവ്

കോട്ടയം: പത്തുവയസുകാരിയെ പീഡിപ്പിച്ച പ്രതിക്ക് 110 വർഷം തടവുശിക്ഷ. കരാട്ടെ അധ്യാപകനായ കോട്ടയം മുണ്ടക്കയം സ്വദേശി പിപി മോഹനനെയാണ് ഈരാറ്റുപേട്ട ഫാസ്റ്റ് ട്രാക്ക് കോടതി ശിക്ഷിച്ചത്.

പ്രതി 2.75 ലക്ഷം രൂപ പിഴ ഒടുക്കണമെന്നും കോടതി ഉത്തരവിട്ടു. 2023 ലായിരുന്നു ആസ്പദമായ സംഭവം നടന്നത്.

മുണ്ടക്കയം പോലീസ് സ്റ്റേഷൻ എസ്എച്ച്ഒ ആയിരുന്ന ഷൈൻ കുമാറാണ് പ്രതിയെ അറസ്റ്റ് ചെയ്ത് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചത്. പ്രോസിക്യൂഷന് വേണ്ടി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. ജോസ് മാത്യു തയ്യിൽ ഹാജരായി.

## പശ്ചിമബംഗാളിലേക്ക് ഏഴാം ഘട്ടത്തിൽ കുടുതൽ കേന്ദ്ര സേന

കൊൽക്കത്ത: പശ്ചിമ ബംഗാളിലേക്ക് കൂടുതൽ കേന്ദ്ര സേന. ആറാംഘട്ടത്തിൽ നിരവധിയിടങ്ങളിൽ സംഘർഷം ഉണ്ടായ സാഹചര്യത്തിൽ ഏഴാം ഘട്ടത്തിൽ കൂടുതൽ ദ്രുതകർമ്മ സേനയെ വിന്യസിക്കുമെന്ന് തെരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചു. ശനിയാഴ്ച നടന്ന ആറാംഘട്ടത്തിൽ തംലൂക്ക്, ഘട്ടൽ, മേദിനിപുർ , ഝാർഗ്രാം എന്നിവിടങ്ങളിൽ പലയിടത്തും സംഘർഷം ഉടലെടുത്തിരുന്നു. ബംഗാളിലെ ഝാർഗ്രാമിൽ ബിജെപി സ്ഥാനാർത്ഥി പ്രണത് ടുഡുവിന് നേരെയും ആക്രമണം നടന്നിരുന്നു. ഈ സാഹചര്യത്തിലാണ് കൂടുതൽ സേനയെ വിന്യസിക്കാൻ തീരുമാനിച്ചത്. ജൂൺ ഒന്നിന് തെരഞ്ഞെടുപ്പ് നടക്കുന്ന ഒമ്പത് മണ്ഡലങ്ങളിൽ 2,000 കമ്പനിയെകൂടി വിന്യസിക്കുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ അറിയിച്ചു.

ദക്ഷിണ 24 പർഗാനാസിലെ കൊൽക്കത്ത ദക്ഷിണ, കൊൽക്കത്ത ഉത്തർ, ജാദവ്പൂർ, ജയ്നഗർ, മഥുരാപൂർ, ഡയമണ്ട് ഹാർബർ, നോർത്ത് 24 പർഗാനാസിലെ ബസിർഹട്ട്, ബരാസത്ത്, ഡം ഡം എന്നിവ ഉൾപ്പെടുന്ന ഒമ്പത് ലോക്സഭാ മണ്ഡലങ്ങളിലാണ് ജൂൺ ഒന്നിന് വോട്ടെടുപ്പ് നടക്കുക. പശ്ചിമ ബംഗാളിൽ ഇതിനകം 1,020 കമ്പനി കേന്ദ്ര സായുധ പൊലീസ് സേനയെ (സിഎപിഎഫ്) വിന്യസിച്ചിട്ടുണ്ട്. ഏഴാം ഘട്ടത്തിൽ പോളിങ് ഡ്യൂട്ടിക്കായി 978 കമ്പനി അധിക സിഎപിഎഫിനെക്കൂടി വിന്യസിക്കുമെന്നും തെരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചു.

## അന്ന് കേദാർനാഥിൽ, ഇത്തവണ കന്യാകുമാരിയിലേക്ക്; വിവേകാനന്ദ മണ്ഡപത്തിൽ ധ്യാനമിരിക്കാൻ മോദി 30നെത്തും

ചെന്നൈ: പൊതു തിരഞ്ഞെടുപ്പ് പ്രചരണ പരിപാടികൾക്ക് വിരാമമിട്ട് പ്രധാനമന്ത്രി നരേന്ദ്രമോദി തമിഴ്നാട്ടിലേക്ക്. കന്യാകുമാരിയിലെ വിവേകാനന്ദ മണ്ഡപത്തിൽ ധ്യാനത്തിനായിട്ടാണ് അദ്ദേഹം തമിഴ്നാട്ടിലെത്തുന്നത്. മെയ് 30 ന് കന്യാകുമാരിയിൽ എത്തുന്ന അദ്ദേഹം 31 ന് ധ്യാനമണ്ഡപത്തിലെത്തി ഒരു ദിവസം അവിടെ ചില വഴിക്കുമെന്ന് തമിഴ്നാട് ബിജെപി നേതൃത്വം വ്യക്തമാക്കി.

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ അവസാനഘട്ട വോട്ടെടുപ്പിന്റെ തലേദിവസമാണ് പ്രധാനമന്ത്രിയുടെ ആത്മീയ സന്ദർശനവും ധ്യാനവും. പോലീസ് ഉദ്യോഗസ്ഥരും പ്രധാനമന്ത്രിയുടെ സുരക്ഷാ ഉദ്യോഗസ്ഥരും ജില്ലയിലും ലക്ഷദ്വീപ് കടലിലും സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട വൃത്തങ്ങൾ അറിയിച്ചു.

2019 ലെ പൊതുതിരഞ്ഞെടുപ്പ് സമയത്തും സമാനരീതിയിൽ പ്രധാനമന്ത്രി ആത്മീയ ഇടവേള എടുത്തിരുന്നു. അന്ന് തിരഞ്ഞെടുപ്പ് പ്രചാരണം പൂർത്തിയാക്കി കേദാർനാഥിലെ ഗുഹയിൽ അദ്ദേഹം ധ്യാനനിമഗ്നനായി ചിലവഴിച്ചിരുന്നു.